കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

email – dopkd.ksad@kerala.gov.in

www.ksad.kerala.gov.in

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി14/725/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,

തീയതി: 10.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- പുതുശ്ശേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2.പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി14/725/2020 തീയതി – 10.6.2020

**<u>പാലക്കാട് ജില്ലയില പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-02 -2019 മുതൽ 7 -3-2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ. എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9-3 -2020 മുതൽ 20-3-2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| സുമേഷ്. എൻ | ഓഡിറ്റ് ഓഫീസർ |
| പ്രീത.യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കൃഷ്ണദാസ്. എൻ.വി | ഓഡിറ്റർ |
| | |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| രഞ്ജിത്ത്. ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻ്റ് | ശ്രീ.കെ..ഉണ്ണികൃഷ്ണൻ | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ. എം.ബാലചന്ദ്രൻ | 1.4.2018 മുതൽ 2.8.2018 വരെ, 20.8.2018 മുതൽ 31-12-2018 വരെ |
| | ശ്രീ. ടി.ഗിരീഷ് | 3.8.2018 മുതൽ 19-8-2018 വരെ<br>1.1.2019 മുതൽ 1-3-2019 വരെ |
| | ശ്രീ.പി.കെ.അംബുജാക്ഷൻ | 2.3.2019 മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. ടി.ഗിരീഷ് | 1-4-2018മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശാന്തി കമ്മത്ത് | 1-4-2018മുതൽ 22-09-2018 വരെ |
| " " | ശ്രീ. അശ്വിൻ.ടി | 23-09-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി.പ്രസന്ന.വി | 1-4-2018മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 11 | ശ്രീമതി.അനുഷ.ജെ | 1-4-2018മുതൽ |

| | | |
|---|---|---|
| | | 31-3-2019 വരെ |
| വി.ഇ.ഒ - 111 | ശ്രീ.മൂർത്തി.എ | 1-4-2018മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സെലീന. എം | 1-4-2018മുതൽ 26-7-2018 വരെ |
| | ശ്രീമതി. സുമ | 27-7-2018മുതൽ 12-9-2018 വരെ |
| | ശ്രീമതി. ലിമി ലാൽ ടി.എം | 13-9-2018മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.കെ.സി.സജീവൻ | 1-4-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ.ചന്ദ്രിക .സി.സി | 1-4-2018 മുതൽ 7-10-2018 വരെ |
| | ഡോ. ആഷ | 8-10-2018 മുതൽ 11-11-2018 വരെ |
| | ഡോ. അഞ്ജു. എം. ഹനീഫ | 12-11-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ദിവ്യ | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.സുനിത.കെ.എസ് | 1-4-2018 മുതൽ 1-8-2018 വരെ |
| | ഡോ. ഹംസ.സി | 2-8-2018 മുതൽ 26-10-2018 വരെ |
| | ഡോ. വിനേഷ്. പി.വി | 27-10-2018 |

| | | |
|---|---|---|
| | | മുതൽ 31-3-2019 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.ശിവകുമാർ | 1-4-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, പുതുശ്ശേരി | ശ്രീ. എ. ജയകൃഷ്ണൻ | 1-4-2018 മുതൽ മുതൽ 31-3-19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അഫ്സ.എം.എസ്. | 1-4-2018 മുതൽ 31-3-2019 വരെ |

ഉള്ളടക്കം

ഭാഗം I

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | കാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-9 |
| 10 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-10 |
| 11 | ഡിസ്ട്രിക്റ്റ് 9 ഹോട്ടൽ - പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് പൂർത്തിയാക്കിയ നിർമ്മാണത്തിന് വസ്തുനികുതി നിർണ്ണയം നടത്തി | 1-11 |
| 12 | ചട്ടപ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത അസംബ്ലി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു | 1-12 |
| 13 | 2008 -ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ പെർമിറ്റ് കൈമാറി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു | 1-13 |
| 14 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ തുടരുന്നു | 1-14 |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കൽ- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-15 |
| 16 | രശീതി മുഖേനയുള്ള പണം പിരിവ്- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-16 |
| 17 | ശമ്പള പരിഷ്കരണ കുടിശ്ശിക – പുതുക്കിയ നിരക്ക് അനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം അടവാക്കേണ്ടതാണ്. | 1-17 |
| 18 | വിദ്യാർത്ഥികൾക്ക് മേശയും കസേരയും- കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി, അനർഹർക്ക് ആനുകൂല്യം നൽകി- 57237 രൂപയുടെ നഷ്ടം | 118 |
| 19 | സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ- പ്രൊക്യൂർമെന്റ് നടപടിക്രമങ്ങളുടെ ലംഘനം | 1-19 |
| 20 | തുടർ സാക്ഷരതാ പദ്ധതി- പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-20 |
| 21 | വിദ്യാർത്ഥികൾക്ക് സൈക്കിൾ - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി- 14300 രൂപ നഷ്ടം | 1-21 |
| 22 | കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനം- നീര | 1-22 |

| | | |
|---|---|---|
| | ഉത്പാദനം | |
| 23 | വയോജനങ്ങൾക്ക് കട്ടിൽ- കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതിനാൽ 51200 രൂപയുടെ നഷ്ടം | 1-23 |
| 24 | കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം | 1-24 |
| 25 | തെരുവ് വിളക്ക് പരിപാലനം - അവലോകനം | 1-25 |
| 26 | കേരളാ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുവാനുള്ള കുടിശ്ശിക വാർഷിക കണക്കിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തേണ്ടതാണ് | 1-26 |
| 27 | ഖരമാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ - ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1489900/-രൂപ തിരിച്ചടവാക്കേണ്ടതാണ് | 1-27 |
| 28 | സ്വയം തൊഴിൽ പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് വിഹിതം 250000/-രൂപ തിരിച്ചടവാക്കേണ്ടതാണ് | 1-28 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-29 |
| 30 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - ലാപ് ടോപിന്റെ വിതരണം ഉറപ്പാക്കേണ്ടതാണ് | 1-30 |
| 31 | കുടുംബശ്രീ ഗ്രൂപ്പുകൾക്കായുള്ള പദ്ധതികൾ - തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ് | 1-31 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-32 |
| 33 | പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം. | 1-33 |
| 34 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-34 |
| 35 | കുടിവെള്ള പദ്ധതിക്ക് ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്താതെ മോട്ടോറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്. | 1-35 |
| 36 | ഇ-ടെന്റർ ഫോറം ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ല | 1-36 |
| 37 | ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-37 |

<u>ഭാഗം-II</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

-പരാമർശങ്ങൾ ഇല്ല-

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

-പരാമർശങ്ങൾ ഇല്ല-

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.18 തീയതിയിലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിക്കുകയും, ആയത് 25.01.19 തീയതിയിലെ 1(3)-ാം നം. തീരുമാനമനുസരിച്ച്

താഴെ പറയും പ്രകാരം റിവൈസ് ചെയ്തിട്ടുമുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 150,479.97 |
| പ്രതീക്ഷിത വരവ് | 428,043.20 |
| ആകെ | 578,523.17 |
| പ്രതീക്ഷിത ചെലവ് | 429,787.39 |
| നീക്കിയിരുപ്പ് | 148,735.77 |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 7.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 56426411 |
| വരവ് | 277690882 |
| ആകെ | 334117293 |
| ചെലവ് | 263566687 |
| നീക്കിയിരിപ്പ് | 70550606 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 43724343 | 43724343 | 42239670 | 1484673 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 15013000 | 15013000 | 14714463 | 298537 |
| വികസന ഫണ്ട്-ടി.എസ്.പി (ACR | 0 | 2612000 | 2612000 | 2537678 | 74322 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 22219793 | 22219793 | 16537650 | 5682143 |
| മെയിന്റനൻസ്, - റോഡ് (ACR പ്രകാരം) | 0 | 13199000 | 13199000 | 13199000 | 0 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | 0 | 6248000 | 6248000 | 5844704 | 403296 |
| *എം.ജി.എൻ.ആർ. ഇ.ജി.എസ് ഭരണച്ചെലവുകൾ | 3541 | 778126 | 781667 | 778345 | 3322 |
| തൊഴിലാളികളുടെ കൂലി | 0 | 50106980 | 50106980 | 50106980 | 0 |
| തനത് ഫണ്ട് -ട്രഷറി TSBഅക്കൗണ്ട് | 2704341 | 40543959 | 43248300 | 41956475 | 1291825 |
| നെറ്റ് ബാങ്കിങ്ങ് (എസ്.ബി.ടി) | 291730 | 958683 | 1250413 | 131420 | 1118993 |
| എസ്.ബി.ഐ -ലൈഫ് വായ്പ | 55495118 | 59702004 | 115197122 | 115001255 | 195867 |
| എസ്.ബി.ഐ - WGDP | 239027 | 9727 | 248754 | 1250 | 247504 |
| തനത് ഫണ്ട് -കാനറാ ബാങ്ക് | 0 | 119350026 | 119350026 | 58866662 | 60483364 |
| കല്ല്യാണമണ്ഡപം വായ്പ - കാനറാ ബാങ്ക് | 0 | 1500000 | 1500000 | 471762 | 1028238 |
| *ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് | 1589900 | 7084595 | 8674495 | 5411104 | 3263391 |
| ജില്ലാ പഞ്ചായത്ത് | 0 | 7783591 | 7783591 | 4791676 | 2991915 |
| ഐ.സി.ഡി.എസ് | 2817279 | 1186601 | 4003880 | 996752 | 3007128 |
| ശുചിത്വ മിഷൻ | 0 | 3729139 | 3729139 | 1370000 | 2359139 |
| സാക്ഷരത | 19760 | 0 | 19760 | 10390 | 9370 |
| ബി ഫണ്ട് | 0 | 639480 | 639480 | 639480 | 0 |

ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ എ.സി.ആർ പ്രകാരമുള്ള കണക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരമുള്ള Redemption തുക മുന്നിരിപ്പായി എടുത്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ നീക്കിയിരുപ്പായി കാണിച്ചിട്ടുള്ള തുകയിൽ 350000/-രൂപ തനത് ഫണ്ടിലെ നീക്കിയിരുപ്പിൽ ഉൾപ്പെടുന്നു.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 267 | 311319392 | 227 | 171516279 | 40 | 85 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 31 | 26 | 23739070 | 14418647 | 61 |
| അസി.സെക്രട്ടറി | 15 | 12 | 11106200 | 6525803 | 59 |
| കൃഷി ഓഫീസർ | 8 | 8 | 18695550 | 14016635 | 75 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 4 | 766200 | 648096 | 85 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 3 | 3 | 1150000 | 1150000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 350000 | 350000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 3025000 | 1871660 | 62 |
| ഐ.സി.ഡി.എസ് | 18 | 17 | 14845710 | 11986723 | 81 |
| വി.ഇ.ഒ | 12 | 8 | 144119120 | 72247000 | 50 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, പുതുശ്ശേരി | 13 | 10 | 4387500 | 2567472 | 59 |
| അസി.എഞ്ചിനീയർ | 154 | 130 | 56787064 | 19393168 | 34 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 2120234 | 1670340 | 79 |
| ആകെ | 267 | 226 | 311319392 | 171516279 | 55 |

ആകെ വകയിരുത്തിയ തുകയുടെ 55% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

അതാത് പദ്ധതി ഫയലുകളിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല. പദ്ധതി നടപ്പാക്കിയതിന് ശേഷം പൂർത്തീകരണം വരെയും ഓരോ വർക്കിങ്ങ് ഗ്രൂപ്പും മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിങ്ങ് എന്നീ വിവിധ ഘട്ടങ്ങളിൽ വർക്കിങ്ങ് ഗ്രൂപ്പുകളുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 16.11.2017 ലെ സ.ഉ (എം.എസ്)224/2017/ ത.സ്വ.ഭ.വ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതും, അവസ്ഥാ രേഖകൾ പരിഷ്കരിക്കേണ്ടതുമാണ്.

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 99480 | 63 |
| വാർദ്ധക്യകാലപെൻഷൻ | 47993500 | 3891 |
| വികലാംഗപെൻഷൻ | 5942500 | 474 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1313500 | 110 |
| വിധവാ പെൻഷൻ | 25990400 | 2180 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 540000 | 18 |

# 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 9 .03.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 73162/-രൂപയുടെ വരവ് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 27.11.19 | ഒക്ടോബർ/19 | 27.11.19 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.04.19 മുതൽ 27.04.19 വരെ | 2015-16മുതൽ 2018-19 വരെ | 12.06.19 |

# 1-9 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>എ) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല</u>

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഇ പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസുമൂലം തൊഴിൽനികുതി ഈടാക്കാൻ ബാധ്യസ്ഥരായവരോട് അവരുടെ നിയന്ത്രണത്തിൽ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും ആവശ്യപ്പെടേണ്ടതും ലഭിക്കുന്ന വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്. വകുപ്പ് 205 ഐ പ്രകാരം ഈ രജിസ്റ്ററിലുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ സ്ഥാപനങ്ങളുടേയോ ഓഫീസുകളുടെയോ പേരുകളും മേൽവിലാസങ്ങളും സെക്രട്ടറി ആവശ്യപ്പെടുകയോ സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മുൻവർഷം തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ പേര് ഉൾക്കൊള്ളുന്ന ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല. ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് ജീവനക്കാരുടെ എണ്ണം, പേരുവിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും അടവാക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും കഴിയുന്നില്ല.

<u>ബി) 236 സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സ്ഥാപന ലിസ്റ്റിൽ 570 സ്ഥാപനങ്ങളാണുള്ളത്. ആകെ 334 സ്ഥാപനങ്ങളിൽ നിന്നുമാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. 236 സ്ഥാപനങ്ങളിൽ

നിന്നും ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയോ സ്ഥാപന തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കാര്യാലയം പോലും ഉൾപ്പെടാത്തതിനാൽ സൂക്ഷിച്ചിരിക്കുന്ന സ്ഥാപന ലിസ്റ്റ് പൂർണ്ണമല്ലെന്നും കാണുന്നു.
തൊഴിൽനികുതി ഇനത്തിലുള്ള വരുമാനത്തിൽ ഭീമമായ കുറവാണ് ഉണ്ടായിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻകടകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയിൽ നിന്നൊന്നും തന്നെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (17/18.03.2020) നികുതിദായകരുടെ വർദ്ധനവ് കാരണമാണ് തൊഴിൽനികുതി രജിസ്റ്റർ എഴുതിസൂക്ഷിക്കാത്തതെന്നും വ്യവസായ മേഖലയിലെ മിക്ക സ്ഥാപനങ്ങളും സാമ്പത്തിക മാന്ദ്യം, തൊഴിൽ തർക്കം എന്നിവ മൂലം പൂട്ടിക്കിടക്കുകയാണെന്നും അവയെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്തതുകൊണ്ടാണ് ഇത്രയും വ്യത്യാസം വന്നതെന്നും കള്ളുഷാപ്പുകളിൽ നിന്നും റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>നിർദ്ദേശങ്ങൾ</u>

1. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി സ്ഥാപന ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. വ്യവസായ മേഖലയിലെ പ്രവർത്തനം അവസാനിപ്പിച്ച സ്ഥാപനങ്ങളെ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതും വിട്ടുപോയ സ്ഥാപനങ്ങളെ ചേർക്കേണ്ടതുമാണ്.
2. ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് ജീവനക്കാരുടെ എണ്ണം, പേരുവിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.
3. ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുക്കേണ്ടതും വരവ് ഉറപ്പാക്കേണ്ടതുമാണ്.

# 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്

<u>I. ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല</u>

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി സ്ഥാപനങ്ങളെ ഉൽപാദനം, സേവനം എന്നീ മേഖലകളായും മൈക്രോ,മിനി,സ്മാൾ, മീഡിയം, ലാർജ്ജ് എന്നീ വിഭാഗങ്ങളായും തിരിക്കേണ്ടതുണ്ട്.

| സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് |
|---|---|---|---|
| മൈക്രോ എന്റർപ്രൈസസ് | ഉൽപാദനം | 25 ലക്ഷം രൂപ വരെ | 500 |
| | സേവനം | 10 ലക്ഷം രൂപ വരെ | |
| മിനി എന്റർപ്രൈസസ് | ഉൽപാദനം | 25 ലക്ഷം മുതൽ 1 കോടി രൂപ വരെ | 1000 |
| | സേവനം | 10 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ | |
| സ്മാൾ എന്റർപ്രൈസസ് | ഉൽപാദനം | 1 കോടി രൂപ മുതൽ 5 കോടി രൂപ വരെ | 5000 |
| | സേവനം | 50 ലക്ഷം രൂപ മുതൽ 2 കോടി രൂപ | |
| മീഡിയം എന്റർപ്രൈസസ് | ഉൽപാദനം | 5 കോടി രൂപ മുതൽ 10 കോടി രൂപ വരെ | 10000 |
| | സേവനം | 2 കോടി രൂപ മുതൽ 5 കോടി രൂപ വരെ | |
| ലാർജ്ജ് എന്റർപ്രൈസസ് | ഉൽപാദനം | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | സേവനം | 5 കോടി രൂപയിൽ കൂടുതൽ | |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല. ഭേദഗതി ചട്ടങ്ങൾ നടപ്പിലാക്കാത്തതിനാൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ തുടരുന്നു. ആയതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു

ഉൽപാദന മേഖലയിൽ വരുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷയിലോ അനുബന്ധ രേഖകളിലോ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് ആനുപാതികമല്ലാതെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | അപേക്ഷ/ സാക്ഷ്യപത്രം പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 1 | എം.പി. ഹോൾഡിംഗ്സ് (പ്രൈ) ലി | 1.95 കോടി | 5000 | 4000 | 1000 |
| 2 | 133 | ക്രസന്റ് സിമന്റ്സ് | 16.8 കോടി | 15000 | 12970 | 2030 |
| 3 | 364 | നോവാ കാർ സീറ്റ്സ് | 72.6 ലക്ഷം | 1000 | 600 | 400 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 547 | തെയ് ഇൻഗട്ട്സ് (പ്രൈ) ലി | 3.95 കോടി | 5000 | 3000 | 2000 |
| 5 | 280 | ക്യാപ്ഷെയർ ഇംപെക്സ് പ്രൈവറ്റ് ലിമിറ്റഡ് | 16.80 കോടി | 15000 | 12970 | 2030 |
| 6 | 84 | ഇന്ത്യൻ പ്രൊഡക്ട്സ് പ്രൈവറ്റ് | 6,44 കോടി | 10000 | 7500 | 2500 |
| | | | | | ആകെ | 9960 |

<u>ബി) അധിക ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു.</u>

i) ഉൽപാദന മേഖലയിൽ വരുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷയിലോ അനുബന്ധ രേഖകളിലോ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് ആനുപാതികമല്ലാതെ അധിക ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | അപേക്ഷ (PCB സാക്ഷ്യപത്രം) പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് | കൂടുതൽ |
|---|---|---|---|---|---|---|
| 1 | 14 | കൈരളി സ്റ്റീൽസ് &അലോയ്സ് (പ്രൈ) ലി | 41.23 കോടി | 15000 | 40000 | 25000 |
| 2 | 42 | സെയ്ന്റ് ഗൊബെയ്ൻ ഇൻഡ്യ (പ്രൈ) ലിമിറ്റഡ് | 165.17 കോടി | 15000 | 179000 | 164000 |
| 3 | 86 | യുണൈറ്റഡ് ബ്രൂവറീസ് | 85.53 കോടി | 15000 | 60000 | 45000 |
| 4 | 129 | പാറ്റ്സ്പിൻ ഇൻഡ്യ ലി. | 166.13 കോടി | 15000 | 91266 | 76266 |
| 5 | 153 | ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് | 22.63 കോടി | 15000 | 19850 | 4850 |
| 6 | 167 | കോട്ടക്കൽ ആര്യവൈദ്യശാല | 12.13 കോടി | 15000 | 24000 | 9000 |
| 7 | 203 | ഗാഷ സ്റ്റീൽസ് (പ്രൈ) ലി. | 20.47 കോടി | 15000 | 23040 | 8040 |
| 8 | 230 | മലബാർ സിമന്റ് ലിമിറ്റഡ് | 168.6 കോടി | 15000 | 242630 | 227630 |
| 9 | 240 | എപി സ്റ്റീൽസ് | 69 ലക്ഷം | 1000 | 20000 | 19000 |
| 10 | 242 | പ്രീകോട്ട് മെരിഡിയൻ | 66.43കോടി | 15000 | 42170 | 27170 |

| | | | | | | |
|---|---|---|---|---|---|---|
| | | യൂണിറ്റ് സി | | | | |
| 11 | 243 | പ്രീകോട്ട് മെരിഡിയൻ യൂണിറ്റ് സി | 66.40 കോടി | 15000 | 18000 | 3000 |
| 12 | 305 | റുബ്ഫില ഇന്റർനാഷണൽ | 70.64 കോടി | 15000 | 26050 | 11050 |
| 13 | 394 | മാരികോ ലി. | 18.6 കോടി | 15000 | 30660 | 15660 |
| 14 | 418 | അഗസ്റ്റിൻ ടെക്സ്റ്റൈൽ കളേഴ്സ് (പ്രൈ) ലി. | 50.01കോടി | 15000 | 29770 | 14770 |
| | | | | | | 650436 |

ii) ഭേദഗതി ചട്ടപ്രകാരം ഉൽപാദന മേഖലയിലെ 10 കോടിയിലധികം മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് 15000/- രൂപയാണ്. എന്നാൽ അപേക്ഷയിലോ അനുബന്ധ രേഖകളിലോ മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത, എന്നാൽ 10 കോടിയിലധികം നിക്ഷേപമുള്ള ഉൽപാദന മേഖലയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അധിക ഫീസ് ഈടാക്കിയിരിക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് | കൂടുതൽ |
|---|---|---|---|---|---|
| 1 | 130 | പ്രീകോട്ട് മെരിഡിയൻ യൂണിറ്റ് എ | 15000 | 64630 | 49630 |
| 2 | 132 | എൽഗി റബ്ബർ കമ്പനി | 15000 | 18370 | 3370 |
| 3 | 162 | പാലക്കാട് റബ്ബർ(പ്രൈ) ലി | 15000 | 17150 | 2150 |
| 4 | 174 | ഐടിഐ ലി. | 15000 | 27965 | 12965 |
| 5 | 278 | സിപിഎസ് സ്റ്റീൽസ്ഇൻഡ്യ (പ്രൈ) ലി | 15000 | 33960 | 18960 |
| 6 | 301 | വേൾഡ് വൈഡ് അയൺ & സ്റ്റീൽസ് (പ്രൈ) ലി | 15000 | 27370 | 12370 |
| 7 | 508 | മിനാർ അലോയ്സ് & ഫോറിൻസ് (പ്രൈ) ലി. | 15000 | 20000 | 5000 |
| 8 | 578 | പ്രീമിയർ അലോയ്സ് | 15000 | 24000 | 9000 |
| | | | | ആകെ | 113445 |

ആകെ 763881/- രൂപ അധികമായും 9960/- രൂപ കുറവായും ഈടാക്കിയിട്ടുണ്ട്.

<u>II. ഡിമാന്റ് വിവരങ്ങൾ കൃത്യമല്ല</u>

കഞ്ചിക്കോട് വ്യവസായ മേഖല ഉൾപ്പെടുന്ന പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച കൃത്യമായ കണക്കുകളില്ല. ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസിനുമായി ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ

ക്രോഡീകരിച്ച് ഡിമാന്റ് രജിസ്റ്ററുണ്ടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ തന്നെ ലൈസൻസ് ഡിമാന്റ് ചെയ്യപ്പെടുന്നില്ല.

III. ലൈസൻസ് അനുവദിക്കൽ കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 622 വ്യാപാരികളാണുള്ളത്. കൂടാതെ വ്യവസായ മേഖലയിൽ മുന്നൂറിലധികം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. 2018-19 വർഷം 579 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രമങ്ങളൊന്നും തന്നെ പഞ്ചായത്ത് നടത്തിയിട്ടില്ല.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്ന്, ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പിനും കൺസ്യൂമർ സ്റ്റോറിനും ക്രമ നം. 132 പ്രകാരം പാൽ സംഭരിക്കുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 13 റേഷൻ കടകൾക്കും മാവേലി സ്റ്റോറിനും 5 ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല.

IV. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 15/18.03.2020 -ന് കുറവായി ഈടാക്കിയ തുക

പിരിച്ചെടുക്കുന്നതാണെന്നും അധികമായി ലഭിച്ചുകൊണ്ടിരിക്കുന്ന ലൈസൻസ് ഫീസ് കുറവാക്കുന്നതുമൂലം തനത് ഫണ്ട് ശോഷണത്തിനും അവ്യക്തതക്ക് കാരണമാവും എന്നതിനാലാണ് കുറക്കാത്തതെന്നും മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>നിർദ്ദേശങ്ങൾ</u>

1. 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായി മാത്രം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.
2. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.കഞ്ചിക്കോട് വ്യവസായ മേഖലയുൾപ്പെടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ആവശ്യമായതും ആവശ്യമില്ലാത്തതുമായ വ്യവസായ ശാലകളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് തയ്യാറാക്കേണ്ടതുമാണ്.
3. ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വാർഡ് തല പ്രവർത്തനങ്ങളിലൂടെ ലൈസൻസ് അനുവദിക്കൽ കാര്യക്ഷമമാക്കേണ്ടതാണ്.
4. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-11 ഡിസ്ട്രിക്റ്റ് 9 ഹോട്ടൽ - പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് പൂർത്തിയാക്കിയ നിർമ്മാണത്തിന് വസ്തുനികുതി നിർണ്ണയം നടത്തി

ശ്രീ. ജി. മോഹനൻ & ശ്രീ. ഉമേഷ് മോഹനൻ, 'ധന്യ', കിണാശ്ശേരി പി ഒ, കണ്ണാടി, പാലക്കാട്-678701 എന്നിവരുടെ 18.04.2018 -ലെ എ3-3927 നമ്പർ അപേക്ഷ പ്രകാരം ഡിസ്ട്രിക്റ്റ്-9, എം-സ്റ്റാർ ഹോട്ടൽസ് (പ്രൈ) ലിമിറ്റഡ്, ITI ക്ക് എതിർവശം, കഞ്ചിക്കോട്, പാലക്കാട് എന്ന നക്ഷത്ര ഹോട്ടലിന് താഴെ പറയുന്ന പ്രകാരം കെട്ടിടനമ്പരുകൾ അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

| അനുവദിച്ച കെട്ടിട നം | വിവരണം | ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി (BT+LC) |
|---|---|---|---|---|
| 2/1077 | ബേസ്മെന്റ് + ഗ്രൗണ്ട് ഫ്ലോർ | ഹോട്ടൽ/ റസ്റ്റോറന്റ് | 3409 | 259511 |
| 2/1078 | ഒന്നാം നില | അസംബ്ലി | 1409 | 85809 |
| 2/1079 | 2, 3, 4 നിലകളും | ലോഡ്ജ് | 2552 | 155417 |

| | | | | |
|---|---|---|---|---|
| | ടെറസും | | | |
| ആകെ | | | 7370 | 500737 |

പാലക്കാട് നഗരാസൂത്രണ കാര്യാലയം ടൗൺ പ്ലാനറുടെ 05.08.2014 -ലെ സി/1716/2014 നമ്പർ നടപടിക്രമം പ്രകാരം പുതുശ്ശേരി വെസ്റ്റ് വില്ലേജ്, ബ്ലോക്ക് 35, സർവ്വേ നം 146/31, 146/35 -ൽ ഉൾപ്പെട്ട 3601.83 ചതുരശ്ര മീറ്റർ പ്ലോട്ടിൽ (0.3601 ഹെക്ടർ) 7370 ചതുരശ്ര മീറ്റർ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം (ഗ്രൂപ്പ് എഫ് ഒക്യുപ്പൻസി) നിർമ്മിക്കുന്നതിനുള്ള ലേ ഔട്ടിന് അംഗീകാരം നൽകിയിരുന്നു. 2011 -ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 34 (g) പ്രകാരം 150 ചതുരശ്ര മീറ്റർ വരെയുള്ള അസംബ്ലി കെട്ടിടങ്ങളെ മാത്രമാണ് ഗ്രൂപ്പ് എഫ് ഒക്യുപ്പൻസിയിൽ ഉൾപ്പെടുത്താവുന്നത് എന്നതിനാൽ നിർദ്ദിഷ്ട കെട്ടിടത്തിൽ സമ്മേളന ആവശ്യത്തിനുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം 150 ചതുരശ്ര മീറ്ററിൽ കൂടുതൽ ഉപയോഗിക്കുകയാണെങ്കിൽ ഗ്രൂപ്പ് ഡി ഒക്യുപ്പൻസിയിൽ (സമ്മേളനപരം) ഉൾപ്പെടുത്തി വീണ്ടും ടൗൺ പ്ലാനറുടെ അനുമതി ലഭ്യമാക്കണമെന്ന നിബന്ധനയോടെയാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൻ പ്രകാരം സമ്മേളന ഹാളിന്റെ വിസ്തൃതി 150 ചതുരശ്ര മീറ്ററിൽ അധികരിക്കുതെന്ന നിബന്ധന ഉൾപ്പെടുത്തിയാണ് 11.09.2014 തീയതിയിൽ 98/2014-15 നമ്പരായി കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

എന്നാൽ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സമ്മേളന ആവശ്യത്തിനുള്ള 1409 ച.മീ ഭാഗം ഉൾപ്പെടെ 7370 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് 3 കെട്ടിട നമ്പരുകൾ അനുവദിച്ചിട്ടുണ്ട്. സമ്മേളനസ്ഥലം 150 ചതുരശ്ര മീറ്ററിൽ അധികരിക്കരുതെന്ന പെർമിറ്റ് നിബന്ധന പാലിക്കാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ 16.03.2020 -ലെ ഓഡിറ്റ് അന്വേഷണം നം. 11 -ന് ആയത് പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ 17.03.2020 -ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കൂടി ബോധ്യപ്പെട്ടു.

1. കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രധാന സമ്മേളന ഹാൾ (480 ച.മീ), പ്രീ-ഫങ്ഷൻ ഏരിയ (186 ച.മീ), കോൺഫറൻസ് ഹാൾ (139 ച.മീ), ബോർഡ് റൂം (46 ച.മീ) എന്നിവ ഉൾപ്പെടെ ആകെ 851 ച.മീ സമ്മേളന ആവശ്യത്തിനുള്ള ഭാഗം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോമൺ ഏരിയ, ടോയ്‌ലറ്റ്, കിച്ചൺ എന്നിവ ഉൾപ്പെടെ ഒന്നാം നിലയ്ക്ക് മുഴുവനായി അസംബ്ലി ആവശ്യത്തിനുള്ള ഉപയോഗക്രമം നിശ്ചയിച്ചാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്.

2. ഒന്നാം നിലയുടെ കംപ്ലീഷൻ പ്ലാനിൽ റിസപ്ഷൻ, ഡയറക്ടേഴ്സ് റൂം, അഡ്മിൻ ഓഫീസ് എന്നിങ്ങനെയും അതിനോടനുബന്ധിച്ച ലോബി ആയും കാണിച്ച 480 ചതുരശ്ര മീറ്റർ ഭാഗത്ത് സമ്മേളന സ്ഥലമാണ് നിർമ്മിച്ചിട്ടുള്ളത്.

3. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രീ-ഫങ്ഷൻ ഏരിയയായി കാണിച്ചിട്ടുള്ളത് 139 ച.മീറ്ററാണ്. എന്നാൽ 186 ച.മീറ്റർ വിസ്തീർണ്ണത്തിലാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.

1. നാലാം നിലയിൽ നിർമ്മിച്ചിട്ടുള്ള നീന്തൽ കുളത്തിന്റെ തറവിസ്തീർണ്ണം വസ്തുനികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല.



ചിത്രം 1- ഡിസ്ട്രിക്റ്റ് 9 ഹോട്ടൽ



ചിത്രം 2- അനധികൃതമായി നിർമ്മിച്ച മീറ്റിംഗ് ഹാൾ

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയലിൽ സാങ്കേതിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരും ഫോറം 6 തയ്യാറാക്കിയ ഉദ്യോഗസ്ഥനും നിർമ്മാണം കെപിബിആർ പ്രകാരമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പൂർത്തീകരിച്ച നിർമ്മാണം പ്രകാരമല്ല കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളത് എന്ന വസ്തുതയോ പെർമിറ്റ് നിബന്ധനയുടെ ലംഘനമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഒന്നിൽ കൂടുതൽ ഒക്യുപ്പൻസികളുള്ള, 0.50 ഹെക്ടർ വരെ പ്ലോട്ട് വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ എഫ്എആർ, കവറേജ് എന്നിവ ഏറ്റവും നിയന്ത്രിത ഒക്യുപ്പൻസിയുടേതായിരിക്കും. ഇവിടെ

നിയന്ത്രിത ഒക്യുപ്പൻസി സമ്മേളന സ്ഥലത്തിന്റേതാണ് (ഗ്രൂപ്പ് ഡി). കാറ്റഗറി 2 പഞ്ചായത്തുകളിൽ ഗ്രൂപ്പ് ഡി ഒക്യുപ്പൻസി കെട്ടിടങ്ങൾക്ക് അധിക ഫീസോടുകൂടി അനുവദനീയമായ പരമാവധി എഫ്എആർ, കവറേജ് എന്നിവ യഥാക്രമം 1.25, 35% എന്നിങ്ങനെയാണ്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള എഫ്എആർ, കവറേജ് എന്നിവ യഥാക്രമം 1.58, 38.05% എന്നിങ്ങനെയായതിനാൽ ഗ്രൂപ്പ് ഡി ഒക്യുപ്പൻസിയിൽ ഉൾപ്പെടുത്തി ക്രമവൽക്കരിക്കുവാൻ സാധ്യമല്ല.

പെർമിറ്റ് വ്യവസ്ഥയും കെട്ടിടനിർമ്മാണ ചട്ടങ്ങളും ലംഘിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചുനൽകിയതും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 144(3) പ്രകാരം നിർമ്മാണം പരിശോധിച്ച് മാത്രമേ കംപ്ലീഷൻ പ്ലാൻ തയ്യാറാക്കുവൂ എന്നിരുന്നും തെറ്റായ വസ്തുതകൾ പ്ലാനിൽ രേഖപ്പെടുത്തി നൽകിയതും ആയത് പരിശോധിച്ച് ഒക്യുപ്പൻസി നൽകിയതും ഗുരുതരമായ ക്രമക്കേടുകളായി വിലയിരുത്തുന്നു.

<u>നിർദ്ദേശങ്ങൾ</u>

1. കെട്ടിടത്തിന് അനുവദിച്ച 2/1077, 2/1078, 2/1079 നമ്പരുകൾ അടിയന്തിരമായി റദ്ദാക്കേണ്ടതും കെട്ടിടത്തെ അനധികൃത നിർമ്മാണമായി പരിഗണിക്കേണ്ടതുമാണ്.
2. അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ പെർമിറ്റ് വ്യവസ്ഥകൾക്കനുസരിച്ച് പൊളിച്ചുമാറ്റുന്നതിന് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊളിച്ചുമാറ്റിയ ശേഷം വസ്തുനികുതി പുനർനിർണ്ണയിച്ചു നൽകാവുന്നതാണ്.
3. പൊളിച്ചുമാറ്റുന്നുവരെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണ്.
4. പെർമിറ്റ് നിബന്ധനകളും കെട്ടിടനിർമ്മാണ ചട്ടങ്ങളും ലംഘിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നമ്പർ അനുവദിച്ചുനൽകിയ ഉദ്യോഗസ്ഥർക്കെതിരെയും തെറ്റായ വസ്തുതകൾ പ്ലാനിൽ രേഖപ്പെടുത്തിയ എഞ്ചിനീയർക്കെതിരേയും ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 ചട്ടപ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത അസംബ്ലി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

പ്രസിഡന്റ്, സുന്നത്ത് ജമായത്ത് പള്ളി, ചുള്ളിമട, കഞ്ചിക്കോട്- 678621 എന്നവരുടെ എ3-10382/18 തീയതി 04.12.2018 നമ്പർ അപേക്ഷ പ്രകാരം പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ 452.69 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള കമ്മ്യൂണിറ്റി ഹാളിന് ക്രമവൽകരണം നടത്തി 13/1136 നമ്പർ അനുവദിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ മഴവെള്ള സംഭരണ സംവിധാനം, ദ്രവമാലിന്യ സംസ്കരണ സംവിധാനം എന്നിവ നിർമ്മിച്ചിട്ടില്ലെന്നും കെട്ടിടത്തിന് അഗ്നിശമന വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മഴവെള്ള സംഭരണ മാലിന്യ സംസ്കരണ സംവിധാനങ്ങൾ 6 മാസത്തിനകം നിർമ്മിക്കാമെന്നും ഫയർ എൻഒസി ലഭ്യമാക്കാമെന്നും മുദ്രപത്രത്തിൽ സമ്മതപത്രം വാങ്ങി കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു.
ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സ്ഥാപിച്ചിട്ടില്ലെന്നും അസംബ്ലി കെട്ടിടം പ്രവർത്തിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്നും ബോധ്യപ്പെട്ടു.



ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.12/16.03.2020 -ന് അഗ്നിശമന വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കുന്നതിനും മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സ്ഥാപിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും ഉടമയെ അറിയിച്ചിട്ടുണ്ടെന്നും നിശ്ചിത സമയപരിധിക്കകം റിപ്പോർട്ട് സമർപ്പിക്കാത്ത പക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>നിർദ്ദേശം</u>

അഗ്നിശമന വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കുന്നതിനും മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും കഴിയാത്തപക്ഷം കെട്ടിട നമ്പർ റദ്ദുചെയ്ത് അനധികൃത നിർമ്മാണമായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
കെട്ടിട നമ്പർ അനുവദിക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 2008 -ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ

# പാലിക്കാതെ പെർമിറ്റ് കൈമാറി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

സുപ്രിയ അനിൽകുമാർ, ജവഹർ നഗർ, കുരുടിക്കാട്, പുതുശ്ശേരി എന്നവരുടെ 10.12.2018 -ലെ 10498/18 നമ്പർ അപേക്ഷ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ 284.31 ച.മീ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 23/948 നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. പുതുശ്ശേരി വെസ്റ്റ് വില്ലേജിലെ ബ്ലോക്ക് 35 റീസർവേ നം 117/3 നമ്പറിൽ 0.0279 ഹെക്ടർ (6.9 സെന്റ്) പ്ലോട്ടിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കരട് ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ ടി സർവ്വേ നം. ക്രമനമ്പർ 1618 ആയി ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു.

പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 29.06.2002 ലെ എം-3587/02 നമ്പരായി 5 സെന്റ് സ്ഥലത്ത് പരിവർത്തനാനുമതി ലഭിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 143/17-18 തീ 28.07.2017 ആയി ഗ്രാമപഞ്ചായത്ത് ശ്രീമതി.പി.ഗീത W/o ശിവപ്രകാശൻ, രേവതി ഹൗസ്, ചെടയനാൽ, കുഴൽമന്ദം എന്നവർക്ക് 143 ച.മീ കെട്ടിടം പണിയുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ശ്രീമതി. സുപ്രിയ അനിൽകുമാർ നിർമ്മാണം തുടങ്ങിയ വീട് ഉൾപ്പെടെ വാങ്ങുകയും കെട്ടിട നിർമ്മാണ പെർമിറ്റ് ട്രാൻസ്ഫർ ചെയ്യുകയും പെർമിറ്റഡ് ഏരിയ 6.9 സെന്റ് പ്ലോട്ടിൽ 284.31 ച. മീറ്ററായി മാറ്റുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയായിരുന്നിട്ടും ജില്ലാതല അധികൃത സമിതിയുടെ അനുമതിയില്ലാതെ തന്നെ പെർമിറ്റ് കൈമാറ്റം ചെയ്യുകയും അപ്രകാരം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നമ്പർ അനുവദിക്കുകയും ചെയ്തിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 12(2)/16.03.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2008 -ലെ കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിലെയും തുടർ ഭേദഗതികളിലേയും അനുബന്ധ ഉത്തരവുകളിലേയും നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ തുടരുന്നു

വാർഷിക വാടക മൂല്യം അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം ഏകീകരിക്കുന്നതിനായി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും വസ്തുനികുതി നിർണ്ണയം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി വെബ് അധിഷ്ഠിത സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം ഡാറ്റാ എൻട്രി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും പഞ്ചായത്തുകൾ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയതുമൂലം സോഫ്റ്റ്‌വെയറിൽ തെറ്റായ ചില വിവരങ്ങൾ ഉൾപ്പെട്ടിരുന്നു. ആയത് തിരുത്തുന്നതിനായി നടപ്പിലാക്കിയ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ

പരിശോധിച്ചതിൽ അപാകതകൾ കാണുന്നു.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 30 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ നിലവിലെ സോഫ്റ്റ്‌വെയർ ഡാറ്റ പ്രകാരം നിരക്കുവർദ്ധന പരിമിതപ്പെടുത്തിയിട്ടില്ലാത്ത 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള, ഘടനാപരമായ മാറ്റം വന്നിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം ഉണ്ടാവുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | നിലവിലെ നികുതി നിർണ്ണയത്തിന് പരിഗണിച്ച വർദ്ധനവ്/ ഇളവ് | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കാവുന്ന വസ്തുനികുതി | വ്യത്യാസം/ നഷ്ടം |
|---|---|---|---|---|---|---|
| 1 | 17/553 | 119.9 | വർദ്ധനവ്- 20%<br>ഇളവ്- ഇല്ല | 119.9*30=3597<br>+ 20%= 719<br>BT= 4317<br>LC= 216<br>Total=4533 | 119.9*50=5995<br>+ 20%= 1199<br>BT= 7194<br>LC= 360<br>Total=7554 | 3021 |
| 2 | 17/955 | 116.26 (Total- 166.26) | വർദ്ധനവ്- 20%<br>ഇളവ്- 20% | 116.26*30=3488<br>(+) 76 (Old Tax)<br>= 3564<br>BT= 3564<br>LC=178<br>Total= 3742 | 116.26*50=5813<br>(+) 76 (Old Tax) = 5889<br>BT= 5889<br>LC=295<br>Total= 6184 | 2442 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/20.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-15 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്

1. ക്രമവൽക്കരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു.

ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുകയോ ക്രമവൽകരിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. അഗ്നിശമന വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെ അസംബ്ലി കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിരിക്കുന്നു

ശ്രീ. എൽബി മാത്യു, മൂത്തേടത്ത് ഹൗസ്, പുതൂർ, കഞ്ചിക്കോട് എന്നവർ 07.02.2018 -ന് എ3/104158/2018 ആയി സമർപ്പിച്ച അപേക്ഷ പ്രകാരം 643.01ചതുരശ്ര മീറ്റർ നിർമ്മിത വിസ്തീർണ്ണമുള്ള അസംബ്ലി കെട്ടിടത്തിന് ബിഎ(298503)/2018 തീയതി 07.12.2018 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 57(8) പ്രകാരം എല്ലാ അസംബ്ലി കെട്ടിടങ്ങൾക്കും പെർമിറ്റ് നൽകുന്നതിന് മുൻപായി ഫയർഫോഴ്സ് ഡയറക്ടറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് എന്നിരിക്കെ അംഗീകാര സാക്ഷ്യപത്രം ഇല്ലാതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ആയത് ലഭ്യമാക്കേണ്ടതാണ് എന്നുള്ള നിയമപരമല്ലാത്ത എഗ്രിമെന്റ് വച്ചാണ് പെർമിറ്റ് നൽകിയിട്ടുള്ളത്.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.13/16.03.2020 -ന് ക്രമവൽക്കരണം സംബന്ധിക്കുന്ന രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നതാണെന്നും അഗ്നിശമന വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കുവാൻ പെർമിറ്റ് ഉടമയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് സമർപ്പിക്കാത്ത പക്ഷം പെർമിറ്റ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

# 1-16 രശീതി മുഖേനയുള്ള പണം പിരിവ്- അപാകതകൾ പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലേക്ക് വരവ് വന്നിട്ടുള്ള താഴെ പറയുന്ന ഇനങ്ങൾ പിരിച്ചെടുക്കുന്നതിന് നിയതമായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1. ക്രിമറ്റോറിയം ഫീസ്

ക്രിമറ്റോറിയം ഫീസ് ഇനത്തിൽ 2018-19 വർഷം 11,43,750/- രൂപ വരവുണ്ട്. എന്നാൽ ആയത് പിരിക്കുന്നതിന് ക്രിമറ്റോറിയം നടത്തിപ്പിനായി ചുമതലപ്പെടുത്തിയ വ്യക്തിക്ക് രശീതി പുസ്തകം അനുവദിച്ചിട്ടില്ല. തുക വ്യക്തികൾ നേരിട്ട് ഗ്രാമപഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ക്രിമറ്റോറിയം ഉപയോഗപ്പെടുത്തുന്നവരുടെ വിവരങ്ങൾ, അടവാക്കിയ തുകയുടെ രശീതി വിവരങ്ങൾ എന്നിവ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ വരവ് വന്ന സംഖ്യയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2. ആംബുലൻസ് വാടക

1,79,150/- രൂപ ആംബുലൻസ് വാടകയിനത്തിൽ ഓഡിറ്റ് വർഷം വരവുണ്ട്. വാടക പിരിക്കുന്നതിന് പ്രത്യേക രശീതി നൽകിയിട്ടുണ്ടെങ്കിലും ആയതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇഷ്യൂ ചെയ്ത

രശീതികളുടെ പകർപ്പ് കൃത്യമായി സൂക്ഷിക്കാത്തതിനാൽ വരവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

കൂടാതെ ആമ്പുലൻസ് നടത്തിപ്പ്, ക്രിമറ്റോറിയം നടത്തിപ്പ്, ഷോപ്പിംഗ് കോംപ്ലക്സുകളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടുമില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നമ്പർ 26/20.03.2020 -ന് ക്രിമറ്റോറിയം ഫീസ് ഇനത്തിൽ പിരിച്ചെടുത്ത തുക സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നും ആംബുലൻസ് വാടക സംബന്ധിച്ച് നാളിതുവരെയുള്ള വിവരങ്ങൾ ലോഗ് ബുക്കിലാണ് രേഖപ്പെടുത്തിയതെന്നും രജിസ്റ്റർ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ ക്രിമറ്റോറിയം നടത്തിപ്പ് സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടുണ്ടെന്നും ആംബുലൻസ് നടത്തിപ്പ്, ഷോപ്പിംഗ് കോംപ്ലക്സുകളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച ബൈലോ തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ശമ്പള പരിഷ്കരണ കുടിശ്ശിക – പുതുക്കിയ നിരക്ക് അനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം അടവാക്കേണ്ടതാണ്.

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഇതനുസരിച്ച് നാല് ഗഡുക്കളായി അനുവദിച്ച ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ പെൻഷൻ കോൺട്രിബ്യൂഷൻ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം-16/18.03.20) മറുപടി സമർപ്പിച്ചിട്ടുണ്ട്.

തൻവർഷം താഴെ പറയുന്ന വൗച്ചറുകൾ മുഖേന ജീവനക്കാർ, സെക്രട്ടറി എന്നിവരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | തുക |
|---|---|---|
| 1 | 21800038/11.04.18 | 32177 |
| 2 | 21800198/31.05.18 | 41131 |

| | | |
|---|---|---|
| 3 | 21800197/31.05.18 | 21083 |
| 4 | 21800196/31.05.18 | 15512 |
| 5 | 21800245/2.06.18 | 50516 |
| 6 | 21800246/2.06.18 | 214708 |
| 7 | 21800701/1.10.18 | 30728 |
| 8 | 21800702/1.10.18 | 289144 |
| 9 | 21800744/5.10.18 | 39677 |
| 10 | 21800856/1.11.18 | 3134 |

2017-18 ലേതടക്കം നാല് ഗഡുക്കളായി പിൻവലിച്ച അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 വിദ്യാർത്ഥികൾക്ക് മേശയും കസേരയും- കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി, അനർഹർക്ക് ആനുകൂല്യം നൽകി- 57237 രൂപയുടെ നഷ്ടം

2018-19 സാമ്പത്തിക വർഷത്തിൽ എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 1 മുതൽ 7 ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി മേശയും കസേരയും വാങ്ങിനൽകുന്നതിനായി പദ്ധതി ഫണ്ടിൽ (scp) നിന്നും 475000 രൂപ വകയിരുത്തി താഴെ പറയുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

<u>പ്രോജക്ട് നമ്പർ- പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>

അടങ്കൽ തുക- 475000 രൂപ

ചെലവ്- 430332 രൂപ

ബിൽ നമ്പർ, തുക- 1/18.05.2018, 430332 രൂപ

പദ്ധതി പ്രകാരം 109 വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങിനൽകിയിട്ടുണ്ട്.

പദ്ധതിയുടെ രൂപീകരണം, വാങ്ങൽ നടപടികൾ, വിതരണം എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രോക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ സാധന സമാഹരണം

എ) ടെണ്ടർ ക്ഷണിക്കുമ്പോൾ വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയില്ല.

പ്രൊജക്റ്റിന്റെ ഭാഗമായി ഫർണീച്ചർ വാങ്ങുന്നതിനായി എ2-336/17(എച്ച്.എം) നമ്പർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച്ചയുണ്ടായിട്ടുണ്ട്.

ടെണ്ടർ ക്ഷണിച്ചതിൽ രേഖപ്പെടുത്തിയ വിശദാംശങ്ങൾ.

വിദ്യാർത്ഥികളുടെ ഒരു മേശ- 3x2x30- 18 എം.എം പ്ലൈവുഡ് ടോപ്പ് ഹൈവി ടൈപ്പ്

കസേര- സ്റ്റീൽ- നെറ്റ് ടൈപ്പ്

<u>വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകളും സ്പെസിഫിക്കേഷനും ചുവടെ ചേർക്കുന്നു.</u>

| ക്രമനം | സ്ഥാപനം | ടെൻ്റർ സ്പെസിഫിക്കേഷൻ | | | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|---|---|---|
| 1 | റിച്ചി ഫർണീച്ചർ ഫാബ്രിക്കേഷൻ, കോഴിപ്പാറ, പാലക്കാട് | മേശ 3x2x30, 18 എം.എം പ്ലൈവുഡ് ടോപ്പ് ഹെവി ടൈപ്പ് (ജി.എസ്.ടി ഉൾപ്പടെ) | | ഗ്രേഡ് 1 | 3245 |
| | | | | ഗ്രേഡ് 2 | 2795 |
| | | കസേര സ്റ്റിൽ നെറ്റ് ടൈപ്പ് (ജി.എസ്.ടി ഉൾപ്പടെ) | | ഗ്രേഡ് 1 | 1425 |
| | | | | ഗ്രേഡ് 2 | 1099 |
| 2 | രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി | മേശ | സ്പെസിഫിക്കേഷൻ പ്രാകാരം- 16 ഗെയ്ജ് എെ.എസ്.എെ ഷീറ്റ് വിത്ത് പൗഡർ കോട്ടഡ് ടൈപ്പ് പെയിൻ്റ് ഹെവി മോഡൽ | | 3484 |
| | | | സ്പെസിഫിക്കേഷൻ പ്രാകാരം- 18 ഗെയ്ജ് എെ.എസ്.എെ ഷീറ്റ് | | 2974 |
| | | | സ്പെസിഫിക്കേഷൻ പ്രാകാരം- 20 ഗെയ്ജ് | | 2484 |
| | | | സ്പെസിഫിക്കേഷൻ പ്രാകാരം- 22 ഗെയ്ജ് | | 1984 |
| | | കസേര | | റൗണ്ട് ടൈപ്പ് | 745 |
| | | | | ഗ്രിൽ ടൈപ്പ് | 974 |
| | | | | ആർച്ച് ടൈപ്പ് | 1244 |
| | | | | സ്ക്വയർ ടൈപ്പ് | 1484എന്നാൽ ടെണ്ടർ ഒഴിവാക്കിയിരിക്കുകയും താരതമ്യേന |
| 3 | എഫ്ഫാർ ട്രേഡിംഗ്, | മേശ | സ്റ്റീൽ ടേബിൾ | 20 ഗെയ്ജ് | രേഖപ്പെടുത്തിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | പട്ടിക്കര, പാലക്കാട് | | 36x24x30 1 ഡ്രോവ്, 1 ഷെൽഫ് വിത്ത് വുഡൻ ബോർഡ് ടോപ്പ് | 22 ഗെയ്ജ് | |
| | | കസേര | മെറ്റൽ പെർഫോ നെറ്റ് ചെയർ | വിത്തൗട്ട് ആം | 697 |
| | | | | വിത്ത് ആം | 1075 |
| | | | | അൾട | 1236 |

<u>ബി) വിവിധ കമ്മിറ്റി തീരുമാനങ്ങൾ</u>

പ്രൊക്യൂർമെന്റ് കമ്മിറ്റി രാജധാനി ഏജൻസീസ് രേഖപ്പെടുത്തിയ 2974 രൂപ വിലയുള്ള മേശയും, 974 രൂപ വിലയുള്ള ഗ്രിൽ ടൈപ്പ് കസേരയുടേയും സാമ്പിളുകൾ പരിശോധിച്ച് മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് ഗുണനിലവാരമുണ്ട് എന്ന് ബോധ്യപ്പെട്ടുകയും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 23.12.2017 തിയതിയിലെ തീരുമാനപ്രകാരം ആയത് വാങ്ങിക്കുന്നതിനും മറ്റ് ടെന്ററുകൾ ഒഴിവാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. പുതുശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.12.2017 ലെ 7/4 നമ്പർ തീരുമാന പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

<u>സി) വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ</u>

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

ടെണ്ടറിൽ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും പ്രസ്തുത സ്പെസിഫിക്കേഷൻ / ഗുണനിലവാരം പാലിച്ചിട്ടുണ്ടോ എന്ന് സാമ്പിൾ പരിശോധിച്ച് ഉറപ്പുവരുത്തുകയുമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതല. സാമ്പിളുകൾ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയോ, റിപ്പോർട്ട് ലഭ്യമാക്കിയതായോ കാണുന്നില്ല. റിപ്പോർട്ട് വിവരം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനട്സിൽ ഇല്ല കൂടാതെ ടെണ്ടറിൽ നെറ്റ് ടൈപ്പ് കസേര ആവശ്യപ്പെട്ടുകയും ഗ്രിൽ ടൈപ്പ് വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തത് പ്രൊക്യൂർമെന്റ് നടപടികളുടെ ലംഘനമാണ്.

ടെണ്ടർ നോട്ടീസിൽ പഞ്ചായത്ത് ആവശ്യപ്പെട്ടത് പ്രകാരമാണ് മേൽ പട്ടിക ക്രമ നമ്പർ 1 ഇലെ സ്ഥാപനം ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. ടെണ്ടർ ക്ഷണിക്കുമ്പോൾ വ്യക്തവും പൂർണ്ണവുമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താത്തതിനാലും കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടറുകൾ ഒഴിവാക്കിയതിനാലും പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

1) റിച്ചി ഫർണീച്ചർ ഫാബ്രിക്കേഷൻ, കോഴിപ്പാറ, പാലക്കാട് സ്ഥാപനത്തിന്റെ 2795 രൂപയുടെ 3x2x30, 18 എം.എം പ്ലൈവുഡ് ടോപ്പ് ഹെവി ടൈപ്പ് മേശ (ജി.എസ്.ടി ഉൾപ്പടെ) രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതിനാൽ 16568 രൂപയുടെ (2947x109 – 2795x109) നഷ്ടം സംഭവിച്ചു.

2) എഫ്ഫാർ ട്രേഡിംഗ്, പട്ടിക്കര, പാലക്കാട് എന്ന സ്ഥാപനത്തിന്റെ 697 രൂപയുടെ മെറ്റൽ പെർഫോ നെറ്റ് ചെയർ വിത്തൗട്ട് ആം രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതിനാൽ 30193 രൂപയുടെ (974x109 – 697x109) നഷ്ടം സംഭവിച്ചു.

പ്രൊക്യൂർമെന്റ് നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തിയതുവഴിയുണ്ടായ ആകെ നഷ്ടത്തുക 46761 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>2) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ഫർണീച്ചറുകൾ വാങ്ങിനൽകി</u>

പ്രസ്തുത പദ്ധതി പ്രകാരം ഫർണീച്ചറുകൾ വാങ്ങിനൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.03.2018 ലെ 1(2) നമ്പർ തീരുമാനം, 21.11.2018 ലെ 1(12) നമ്പർ തീരുമാനം എന്നിവ പ്രകാരം ആകെ 118 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും കൈപ്പറ്റ് രജിസ്റ്ററും പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 3 പേർക്ക് ആനുകൂല്യം നൽകിയതായി കണ്ടെത്തി.

| ക്രമ നം | പേര് | ക്ലാസ്സ്/ തരം | സ്കൂളിന്റെ പേര് |
|---|---|---|---|
| 1 | ആരതി.എം | 6 | ജി.വി.എച്ച്.എസ്.എസ് കഞ്ചിക്കോട് |
| 2 | അനസ്വര്യ | 6 | ജി.വി.എച്ച്.എസ്.എസ് കഞ്ചിക്കോട് |
| 3 | മിത്ര. ആർ | 3 | എ.എൽ.പി.എസ് കൊങ്ങമ്പാറ |

ഫർണീച്ചറുകളുടെ വില- പ്രൊക്യൂർമെന്റ് നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തിയതുവഴിയുണ്ടായ നഷ്ടത്തുക ഒഴികെ(കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ പ്രകാരം)

മേശ = 2795 രൂപ

കസേര = 697 രൂപ

ചെലവ് നഷ്ടം = 10476 രൂപ (3 x 2795 + 3 x 697)

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടാത്തവർക്ക് ആനുകൂല്യം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുകയായ 10476 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് ഗുണനിലവാരമുള്ള സാധനങ്ങളാണ് വാങ്ങിനൽകിയതെന്നും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ- 2/10.03.2020)

3) ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പ്രൊക്യൂർമെന്റ് നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തിയതുവഴിയുണ്ടായ ആകെ നഷ്ടത്തുക 46761 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടാത്തവർക്ക് ആനുകൂല്യം നൽകിയതുവഴിയുണ്ടായ നഷ്ടത്തുക 10476 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) ടെണ്ടർ ക്ഷണിക്കുമ്പോൾ വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ടെണ്ടർ ക്ഷണിച്ചതിനുശേഷം സ്പെസിഫിക്കേഷൻ നിശ്ചയിക്കുവാൻ പാടുള്ളതല്ല.

4) സാധന സമാഹരണം നടത്തുമ്പോൾ സബ്സിഡി മാർഗ്ഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

# 1-19 സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ- പ്രൊക്യുർമെന്റ് നടപടിക്രമങ്ങളുടെ ലംഘനം

പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങിനൽകുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം തൻവർഷം 12 Dual Desk Bench വാങ്ങി നൽകിയിട്ടുണ്ട്. ഫർണീച്ചറുകൾ വാങ്ങുന്നതിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ- 85/19

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ, എ.എൽ.പി.എസ് കൊങ്ങമ്പാറ

അടങ്കൽ- 485000 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)

ചെലവ്- 70560 (ബിൽ നമ്പർ- 9/27.03.209)

ആകെ 12 ബെഞ്ചും ഡെസ്കുമാണ് വാങ്ങി നൽകിയിട്ടുള്ളത്.

എ) ടെണ്ടർ നടപടികൾ

പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ എ2-336/18(എച്ച്.എം) നമ്പർ ടെണ്ടർ വിജ്ഞാപനം

സ്പെസിഫിക്കേഷൻ:

സ്കൂളിൽ ഫർണീച്ചർ- ആഞ്ഞിലിയിൽ പണിതത്- Dual Desk bench Shells (910 L x 910 W x 785 H)

ലഭിച്ച ടെണ്ടറുകളുടെ വിവരം

<u>ആകെ ലഭിച്ച 4 സ്ഥാപനങ്ങളുടെ ടെണ്ടറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത സ്പെസിഫിക്കേഷൻ | തുക (രൂപ) |
|---|---|---|---|
| 1 | ഡയമണ്ട് ഇൻഡസ്ട്രീസ്, പള്ളത്തേരി | ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ ക്വോട്ട് ചെയ്തില്ല | - |
| 2 | രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി | സ്പെസിഫിക്കേഷൻ പ്രാകാരം- 16 ഗെയ്ജ് | 6994 |
| | | സ്പെസിഫിക്കേഷൻ പ്രാകാരം- 18 ഗെയ്ജ് | 5993 |
| | | സ്പെസിഫിക്കേഷൻ പ്രാകാരം- 20 ഗെയ്ജ് | 4994 |
| 3 | സാലി അസോസിയേറ്റ്സ്, വടക്കഞ്ചേരി | സ്പെസിഫിക്കേഷൻ പ്രാകാരം- 16 ഗെയ്ജ് | 9478 |
| | | സ്പെസിഫിക്കേഷൻ പ്രാകാരം- 18 ഗെയ്ജ് | 7875 |
| 4 | കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കോഴിക്കോട് | സ്പെസിഫിക്കേഷൻ പ്രകാരം- 16 ഗെയ്ജ് | 6444 |
| | | സ്പെസിഫിക്കേഷൻ പ്രാകാരം- 18 ഗെയ്ജ് | 5888 |
| | | സ്പെസിഫിക്കേഷൻ പ്രാകാരം- 20 ഗെയ്ജ് | 5322 |

<u>ബി) വിവിധ കമ്മിറ്റി തീരുമാനങ്ങൾ</u>

<u>പ്രോക്യൂയർമെന്റ് കമ്മിറ്റിയുടെ 12.10.2018 ലെ യോഗ തീരുമാനം</u>

ടെണ്ടറിൽ പങ്കെടുത്ത 4 സ്ഥാപനങ്ങളോടും സാമ്പിൾ ഹാജരാക്കുവാൻ മാത്രമാണ് യോഗം തീരുമാനമെടുത്തിട്ടുള്ളത്.

<u>ഭരണസമിതിയുടെ 11.01.2019 ലെ 2(6) നമ്പർ തീരുമാനം</u>

ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളോട് സാമ്പിൾ(സ്പെസിഫിക്കേഷൻ പ്രാകാരം- 18 ഗെയ്ജ്) ഹാജരാക്കുന്നതിന് നിർദ്ദേശിച്ചതിൽ എസ്.സാലി & അസോസിയേറ്റ്സ് മാത്രമാണ് ഹാജരാക്കിയത്, ടെണ്ടർ പ്രകാരം KADCO ആണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് എങ്കിലും എസ്.സാലി & അസോസ്സിയേറ്റ്സ് ഹാജരാക്കിയ സാമ്പിളാണ് ഗുണനിലവാരമുള്ളത് എന്ന് ബോധ്യപ്പെട്ടു. എസ്.സാലി & അസോസ്സിയേറ്റ്സുമായി ഫർണീച്ചറിന്റെ വില നെഗോഷ്യേറ്റ് ചെയ്യുകയും സ്ഥാപനം 5880 രൂപയ്ക്ക് സപ്ലൈ ചെയ്യാമെന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വിവരങ്ങൾ 12.12.2018 തിയതിയിൽ പർച്ചേസ് കമ്മിറ്റി ഭരണസമിതിയുടെ അംഗീകാരത്തിനായി ശുപാരശ ചെയ്യുകയും ഭരണസമിതി ആയത് അംഗീകരിച്ച് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

<u>സി) വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ ടെണ്ടർ വിജ്ഞാപനം ചെയ്തു- ടെണ്ടർ വിജ്ഞാപനം വ്യക്തവും സുതാര്യവുമാകേണ്ടതാണ്.</u>

ടെണ്ടർ വിജ്ഞാപനത്തിൽ ഫർണീച്ചറിന് ആവശ്യമായ ഗെയ്ജ് രേഖപ്പെടുത്തിയിട്ടില്ല എന്നും ഗെയ്ജ് വ്യക്തമായി രേഖപ്പെടുത്താത്ത ടെണ്ടർ തള്ളുന്നതാണ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. സാമ്പിൾ പരിശോധന ആവശ്യമാണെന്ന് ടെണ്ടർ പരസ്യത്തിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല എന്നിരിക്കെ പിന്നീട് ആയതിന്റെ അടിസ്ഥാനത്തിലും സാങ്കേതിക വിദഗ്ദന്റെ പരിശോധനാ റിപ്പോർട്ടിന്റെ അഭാവത്തിലും ഗുണമേന്മയുടെ പേരിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കുകയും ചെയ്ത നടപടി ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനയ്ക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതാണ്.

ടെണ്ടർ സ്വീകരിച്ചതിനു ശേഷം സ്പെസിഫിക്കേഷനുകൾ നിശ്ചയിക്കാവുന്നതല്ലെന്ന് സ്റ്റോർസ് പർച്ചേസ് മാന്വലിൽ നിബന്ധനയുണ്ട്. സ്പെസിഫിക്കേഷനുകൾ വ്യക്തമായി ഉൾപ്പെടുത്താതിരുന്നാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വ്യത്യസ്ത സ്പെസിഫിക്കേഷനുകൾ താരതമ്യം ചെയ്യുവാൻ സാദ്ധ്യമല്ല. ആയതിനാൽ ആവശ്യകത അനുസരിച്ച് ടെണ്ടർ പരസ്യത്തിൽ പർച്ചേസ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ ആദ്യം തന്നെ തീരുമാനിച്ച് ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം പൂർണ്ണമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെയാണ് ടെണ്ടർ വിജ്ഞാപനം ചെയ്തതിട്ടുള്ളത്.

<u>ഡി) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടപടികൾ സ്വീകരിച്ചു</u>

21.06.2013 ലെ സ.ഉ(പി)നം.03/2013/എസ്.പി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.48 പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം നിരക്ക് കുറവ് ചെയ്യുവാൻ വിലപേശൽ നടത്താവുന്നതാണ് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഏറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ എസ്.സാലി & അസോസ്സിയേറ്റ്സുമായി ഫർണീച്ചറിന്റെ വില നെഗോഷ്യേറ്റ് ചെയ്യുകയും ഫർണീച്ചർ 1 ന് 5880 രൂപയ്ക്ക് ടെണ്ടർ അംഗീകരിക്കുകയും 14.01.2019 ലെ എച്ച്.എം/9162/18 നമ്പർ സപ്ലൈ ഓർഡർ പ്രകാരം ഫർണ്ണീച്ചറുകൾ വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടപടികൾ സ്വീകരിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

<u>ഇ) ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി- 10632 രൂപയുടെ നഷ്ടം</u>

ടെണ്ടറിൽ ഗെയ്ജ് ആവശ്യകത എത്രയെന്ന രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനങ്ങൾ സമർപ്പിച്ച വ്യത്യസ്ത സ്പെസിഫിക്കേഷനുകൾ താരതമ്യം ചെയ്യുവാൻ കഴിഞ്ഞില്ല. ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് രാജധാനി ഏജൻസീസ് ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ 20 ഗെയ്ജ് ഫർണീച്ചറിനാണ്(4994 രൂപ) ആയതിനാൽ പ്രസ്തുത ടെണ്ടറാണ് സ്വീകരിക്കേണ്ടത് എന്നാൽ ആയത് ഒഴിവാക്കി വാങ്ങൽ നടത്തിയതിനാൽ 10632 രൂപയുടെ ((5880-4994)x12)നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ പ്രസ്താവിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് KADCO ഒഴികെയുള്ള സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരത്തിന്റെ

അടിസ്ഥാനത്തിലാണ് ടെണ്ടറിൽ കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനവുമായി വിലപേശൽ നടത്തിയിട്ടുള്ളതും വാങ്ങൽ നടത്തിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ- 3/11.03.2020)

എഫ്) ഓഡിറ്റ് നിർദ്ദേശം

1) കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുവഴി ഉണ്ടായ നഷ്ടത്തുക 10632 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3) ടെണ്ടർ പരസ്യത്തിൽ പർച്ചേസ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതും സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനയ്ക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതമാണ്.

# 1-20 തുടർ സാക്ഷരതാ പദ്ധതി- പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

നിർവ്വഹണം – ഹെഡ്മിസ്ട്രസ്സ്, എ.എൽ.പി.എസ്, കോങ്ങമ്പാറ

പ്രൊജക്ട് നം - 226/19 – തുടർ സാക്ഷരതാ പദ്ധതി

അടങ്കൽ - 200000 (വികസന ഫണ്ട്- ജനറൽ)

ചെലവ് - 78666

## ബിൽ നമ്പർ, തുക- 3/18.08.2018, 78666 രൂപ

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി ജില്ലാ സാക്ഷരതാ മിഷന്റെ 7.02.2017 ലെ സർക്കുലർ നം. എ.കെ.എൽ.എം/02/17 ന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച പ്രോജക്റ്റ് പ്രകാരം പഠിതാക്കൾക്ക് ഫീസ് നൽകൽ തുടങ്ങിയ സഹായങ്ങൾക്കാണ് പദ്ധതി പ്രകാരം തുക വകയിരുത്തിയിട്ടുള്ളത്.

പദ്ധതിക്കായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിനം | തുക |
|---|---|---|
| 1 | സർവ്വെ(ഒരു വീടിന് 5/-രൂപ നിരക്കിൽ -6930 വീടുകൾ x 5/-രൂപ | 34650 |
| 2 | സർവ്വേ ഫോമുകൾ പ്രിന്റിംഗ് | 12000 |
| 3 | പ്രേരക്മാരുടെ ഹോണറേറിയം | 15700 |
| 4. | പഠിതാക്കളുടെ സംഗമം | 4911 |
| | | |

| | | |
|---|---|---|
| 5. | സ്റ്റേഷനറി സാധനങ്ങൾ- പാലക്കാട് കോപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്സ് | 11405 |
| | ആകെ | 78666 |

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം വിദ്യാഭ്യാസ മേഖലയിൽ അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേക്ക് സാക്ഷരതാ മിഷനിൽ നിന്ന് പുസ്തകങ്ങൾ വാങ്ങുന്നതിനും, ആവശ്യമായ ഫീസ് ഒടുക്കുന്നതിനും മാത്രമാണ് പ്രൊജക്ട് തയ്യാറാക്കാവുന്നത്. മറ്റ് പ്രവർത്തനങ്ങൾ സാക്ഷരതാ മിഷൻ നടപ്പാക്കുന്നതിനാൽ ഇരട്ടിപ്പിന് സാധ്യതയുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ഇനങ്ങൾക്കായി തുക ചെലവഴിച്ചിരിക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ ത.സ്വ.ഭ.വ തീയതി 14.02.2018 (അനുബന്ധ വിഷയങ്ങൾ) ലെ നിർദ്ദേശങ്ങളനുസരിച്ച് പ്രൊജക്ടിൽ തുക വകയിരുത്തി ശമ്പളമോ, ഹോണറേറിയമോ നൽകാവുന്നതല്ല. മേൽ പദ്ധതിയിൽ 2 സാക്ഷരതാ പ്രേരക് മാർക്ക് 15700/- രൂപ ഹോണറേറിയമിനത്തിൽ അനുവദിച്ചിട്ടുണ്ട്.
മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പദ്ധതി പ്രകാരം ചെലവഴിച്ച തുക 78666 രൂപയിൽ 15700 രൂപ ഓഡിറ്റ് നിരാകരിക്കുകയും ബാക്കി തുകയായ 62966 രൂപ സർക്കാരിന്റെ ചെലവനുമതിക്ക് വിധേയമായി ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ-9/12.03.2020)

# 1-21 വിദ്യാർത്ഥികൾക്ക് സൈക്കിൾ - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി- 14300 രൂപ നഷ്ടം

പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായി ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, വാങ്ങൽ നടപടിക്രമങ്ങൾ എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) പ്രോജക്ട് വിശദാംശം</u>

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ വിവരം | |
|---|---|---|---|---|---|---|
| | | | | | നമ്പർ, തിയതി | തുക |
| 1 | 222 | വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ | 330000 | 190300 | 1/16.07.18 | 190300 |

| | | | | | | |
|---|---|---|---|---|---|---|
| | | വാങ്ങിനൽകൽ- പട്ടികജാതി | | | | |
| 2 | 223 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങിനൽകൽ | 250000 | 108000 | 2/16.07.18 | 108000 |
| ആകെ | | | 580000 | 298300 | | 298300 |

2) നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
| ടെണ്ടർ പ്രകാരം സ്പെസി ഫിക്കേഷൻ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള സൈക്കിളിന്റെ മോഡൽ, കമ്പനി, ഒന്നിനുള്ള വില എന്നിവ വ്യക്തമായി കാണിച്ചിരിക്കണം |
| സപ്ലൈയർ | ജസ്റ്റ് ബൈ സൈക്കിൾസ്, പാലക്കാട് |

3)വാങ്ങൽ- വിതരണ നടപടികൾ

എ) ടെണ്ടർ വിജ്ഞാപനം

വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനൽകുന്നതിനുള്ള 2 പദ്ധതികൾക്കുമായി ഒരൊറ്റ ടെണ്ടർ ക്ഷണിച്ചാൽ മതിയെന്നിരിക്കെ വ്യത്യസ്ത ടെണ്ടർ(വിജ്ഞാപനം നമ്പർ- എ2-336/17(എച്ച്.എം), തിയതി- 04.12.2017) ക്ഷണിക്കുകയും സൈക്കിളുകൾ വാങ്ങിനൽകുകയും ചെയ്തിരിക്കുന്നു. രണ്ട് പദ്ധതികളിലേക്കുമായി ഒറ്റ ടെണ്ടർ ക്ഷണിച്ചതാണെങ്കിൽ കൂടുതൽ മത്സരാധിഷ്ഠിത ടെണ്ടർ ലഭ്യമാകുമായിരുന്നു. സാമ്പിൾ പരിശോധന ആവശ്യമാണെന്ന് ടെണ്ടർ പരസ്യത്തിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനയ്ക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ടെണ്ടർ സ്വീകരിച്ചതിനു ശേഷം സ്പെസിഫിക്കേഷനുകൾ നിശ്ചയിക്കാവുന്നതല്ലെന്ന് സ്റ്റോർസ് പർച്ചേസ് മാന്വലിൽ നിബന്ധനയുണ്ട്. സ്പെസിഫിക്കേഷനുകൾ വ്യക്തമായി ഉൾപ്പെടുത്താതിരുന്നാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വ്യത്യസ്ത സ്പെസിഫിക്കേഷനുകൾ താരതമ്യം ചെയ്യുവാൻ സാദ്ധ്യമല്ല. ആയതിനാൽ ആവശ്യകത അനുസരിച്ച് ടെണ്ടർ പരസ്യത്തിൽ പർച്ചേസ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ ആദ്യം തന്നെ തീരുമാനിച്ച് ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ ടെണ്ടറിൽ കൃത്യമായ സ്പെസിഫിക്കേഷനുകൾ രേഖപ്പെടുത്തിയിട്ടില്ല.

ബി) കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതിനാൽ 14300 രൂപയുടെ നഷ്ടം സംഭവിച്ചു

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.01.2018 ലെ 6(3) നമ്പർ തീരുമാനപ്രകാരം ചുവടെ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും സൈക്കിളുകൾ വാങ്ങിനൽകുന്നതിന് അംഗീകരിച്ച്

തീരുമാനമെടുത്തിട്ടുണ്ട്.

<u>സ്ഥാപനത്തിന്റെയും ആനുകൂല്യം ലഭ്യമായതിന്റെയും വിവരം</u>

| പ്രോജക്ട് നം | വാങ്ങൽ രീതി | ആനുകൂല്യം ലഭ്യമായവരുടെ എണ്ണം |
|---|---|---|
| 222 | ടെണ്ടർ<br>കുറഞ്ഞ തുക<br>(ആൺകുട്ടികളുടെ<br>സൈക്കിൾ = 4000,<br>പെൺകുട്ടികളുടെ<br>സൈക്കിൾ = 4250)<br>രേഖപ്പെടുത്തിയ<br>JUST BUY CYCLES,<br>പാലക്കാട്<br>എന്ന സ്ഥാപനത്തിന്റെ<br>ടെണ്ടർ<br>ഒഴിവാക്കി അതേ<br>സ്ഥാപനത്തിന്റെ<br>ആൺകുട്ടികളുടെ സൈക്കിൾ<br>= 4300,<br>പെൺകുട്ടികളുടെ<br>സൈക്കിൾ = 4350<br>നിരക്കിലുള്ള സൈക്കിളുകൾ<br>വാങ്ങി നൽകി | 44<br>(22 ആൺ<br>കുട്ടികൾ<br>+<br>22 പെൺ<br>കുട്ടികൾ) |
| 223 | | 25<br>(15 ആൺ<br>കുട്ടികൾ<br>+<br>10 പെൺ<br>കുട്ടികൾ) |

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി സാധനങ്ങൾ വാങ്ങിനൽകിയ നടപടി ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിച്ചതിനാൽ രണ്ട് പദ്ധതികളിലുമായി ആകെ 14300/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | ടെണ്ടർ വില | വാങ്ങൽ വില | നഷ്ടം | ആകെ നഷ്ടം |
|---|---|---|---|---|---|
| 1 | 222/19 | 4000 | 4300 | 300 | 22x300<br>=6600 |
| 2 | | 4250 | 4350 | 100 | 22x100<br>=2200 |
| 3 | 223/19 | 4000 | 4300 | 300 | 15x300<br>=4500 |
| 4 | | 4250 | 4350 | 100 | 10x100<br>=1000 |
| ആകെ | | | | | 14300 രൂപ |

പ്രസ്തുത വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ- 24/20.03.2020)

4) ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുവഴി ഉണ്ടായ നഷ്ടത്തുക 14300 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3) ടെണ്ടർ പരസ്യത്തിൽ പർച്ചേസ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതും സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനയ്ക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതമാണ്.

# 1-22 കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനം- നീര ഉത്പാദനം

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ, പേര്- 44/19, കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനം- നീര ഉത്പാദനം

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ (നേരിട്ടുള്ള നിർവഹണം)

അടങ്കൽ- 7,50,000 രൂപ (വികസന ഫണ്ട്- ജനറൽ)

ചെലവ്- 582714 രൂപ

| ബിൽ നമ്പർ/ തിയതി | തുക (രൂപ) |
|---|---|
| 22/19.03.2019 | 96452 |
| 23/19.03.2019 | 96452 |
| 24/19.03.2019 | 96452 |
| 25/19.03.2019 | 96452 |
| 26/19.03.2019 | 97786 |
| 27/19.03.2019 | 99120 |

നീര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് വാടക, ഉപകരണങ്ങൾ, ശീതീകരണ സംവിധാനം എന്നിവ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതിയുടെ രൂപീകരണ-നിർവ്വഹണ പ്രക്രിയകൾ, വാങ്ങൽ നടപടിക്രമങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) നൂതന പ്രോജക്ടായി അംഗീകാരം ലഭ്യമാക്കാതെ പദ്ധതി നടപ്പാക്കിയത്- മാർഗ്ഗരേഖാ ലംഘനം</u>

പതിമൂന്നാം പഞ്ചവൽസര പദ്ധതി 2018-19 മുതൽ അവശേഷിക്കുന്ന വർഷങ്ങളിലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ജി.ഒ(എം.എസ്)22/2018 ത.സ്വ.ഭ.വ 14.02.2018) മേൽപദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇല്ല. പ്രസ്തുത പദ്ധതി നൂതന പദ്ധതിയായാണ് ആവിഷ്കരിച്ചിട്ടുള്ളതെങ്കിൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/ത.സ്വ.ഭ.വ തിയതി. 29.01.2018 ഖണ്ഡിക 3.8.4 പ്രകാരം നൂതന പ്രോജക്ടുകളുടെ അംഗീകാരത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും, ആയതു പ്രകാരം നൂതന പ്രോജക്ടുകൾക്ക് ജില്ലാ കളക്ടർ ചെയർപേഴ്സൻ ആയുള്ള സമിതിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

<u>2) ക്വട്ടേഷൻ/ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചു</u>

പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ ഒൻപത് നാളികേര ഉൽപ്പാദക സമിതികൾക്ക് കോൾഡ് ഡ്രിങ്ക് ഡിസ്പെൻസർ മറ്റ് ഉപകരണങ്ങൾ എന്നിവ മിത്തൽ ഇന്റർനാഷണൽ, ചെന്നൈ എന്ന് സ്ഥാപനത്തിൽ നിന്നും, മൂന്ന് നാളികേര ഉൽപ്പാദക സമിതികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് നിൽക്കമൽ ലിമിറ്റഡ്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകുന്നതിനാണ് പദ്ധതി പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ തിയതി 08.11.2010, സ്റ്റോർ പർച്ചേസ് മാന്വൽ സ.ഉ(പി)നം.03/2013/എസ്.പി.ഡി തിയതി 21.06.2013 എന്നിവ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള സ്റ്റോറുകൾ വാങ്ങുമ്പോൾ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് സ്റ്റോറുകൾ വാങ്ങിനൽകിയിട്ടുള്ളത്.

<u>എ) സ്ഥാപനങ്ങളുടെയും സാധന സമാഹരണങ്ങളുടെയും വിവരം</u>

| ക്രമ നം | സ്ഥാപനം | സാധനങ്ങൾ | | തുക |
|---|---|---|---|---|
| 1 | മിത്തൽ ഇന്റർനാഷണൽ, ചെന്നൈ | Ugolini cold drink dispenser model artic compact | 361080 | 434034 |

| | | | | |
|---|---|---|---|---|
| | | 8/2 sl.no.360245-9 എണ്ണം x 40120 | | |
| | | Ugolini magnet, pully& space assy-18എണ്ണം x 1852.5 | 33345 | |
| | | Ugolini Pinch tube-18എണ്ണം x 826 | 14868 | |
| | | Ugolini Bowl Gasket FBM/Jolly-9എണ്ണം x 1711 | 15399 | |
| | | Ugolini Belt for 5& 8L Bowl-9എണ്ണം x 1038 | 9342 | |
| 2 | നിൽക്കമൽ ലിമിറ്റഡ്, കോയമ്പത്തൂർ | Nilkamal Roto Ric50LTRwt Blue- Insulated Ice Box-60 എണ്ണം x 2478 | 148680 | 148680 |
| ആകെ | | | | 582714 |

<u>ബി) പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായവരുടെ വിശദാംശങ്ങൾ</u>

| ക്രമ നം | നാളികേര ഉത്പാദക സമിതികളുടെ പേര് | വാങ്ങി നൽകിയ ഉപകരണങ്ങൾ | ബിൽ നമ്പർ/ തിയതി, തുക |
|---|---|---|---|
| 1 | വെള്ളടി സി.പി.എസ്, പി.കെ.ഡി/സി.എ/23/2014 | 1) Ugolini cold drink dispenser model artic compact 8/2 sl.no.360245-1 എണ്ണം<br><br>2) Ugolini magnet, pully& space assy-2എണ്ണം<br><br>3) Ugolini Pinch tube-2 എണ്ണം<br><br>4) Ugolini Bowl Gasket FBM/Jolly-1എണ്ണം | 22/19.03.19, 96452 രൂപ |
| 2 | പാമ്പുമ്പാറ സി.പി.എസ്, പി.കെ.ഡി/സി.എ/484/2013 | | |
| 3 | പൂളമ്പാറ സി.പി.എസ്, പി.കെ.ഡി/സി.എ/485/2013 | | 23/19.03.19, 96452 രൂപ |
| 4 | നിലമ്പതി സി.പി.എസ്, പി.കെ.ഡി/സി.എ/469/2013 | | |
| 5 | കുഞ്ഞപ്പൻചള്ള സി.പി.എസ്, പി.കെ.ഡി/സി.എ/474/2013 | | 24/19.03.19, 96452 രൂപ |
| 6 | ചന്ദ്രാപുരം സി.പി.എസ്, പി.കെ.ഡി/സി.എ/466/2013 | | |
| 7 | കുളികാട് സി.പി.എസ്, പി.കെ.ഡി/സി.എ/489/2013 | | 25/19.03.19, 96452 രൂപ |
| 8 | പുതുശ്ശേരി സി.പി.എസ്, പി.കെ.ഡി/സി.എ/602/14(പി.ഒ) | | |
| 9 | അട്ടപ്പള്ളം സി.പി.എസ്, പി.കെ.ഡി/സി.എ/477/2013 | | 26/19.03.19, 97786 രൂപ |

| | | | |
|---|---|---|---|
| | | 5) Ugolini Belt for5& 8L Bowl-<br>1 എണ്ണം | |
| 10 | പുത്തൻചള്ള സി.പി.എസ്,<br>പി.കെ.ഡി/സി.എ/470/2013 | 1) Nilkamal Roto Ric50LTRwt Blue-Insulated Ice Box-<br>20 എണ്ണം | |
| 11 | കിഴക്കേ അട്ടപ്പള്ളം സി.പി.എസ്,<br>പി.കെ.ഡി/സി.എ/405/2013 | | 27/19.03.19,<br>99120 രൂപ |
| 12 | കനാൽ പിരിവ് സി.പി.എസ്,<br>പി.കെ.ഡി/സി.എ/467/2013 | | |

സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പദ്ധതി പ്രകാരം ചെലവഴിച്ച തുകയായ 582714 രൂപ സർക്കാറിന്റെ ചെലവനുമതിയ്ക്ക് വിധേയമായി തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ-10/16.03.2020)

<u>3) ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിനും തുക ചെലവഴിച്ചതിനും സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

1) പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-23 വയോജനങ്ങൾക്ക് കട്ടിൽ- കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതിനാൽ 51200 രൂപയുടെ നഷ്ടം

പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിലെ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങിനൽകുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, വാങ്ങൽ നടപടിക്രമങ്ങൾ എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) പ്രോജക്ടുകളുടെ വിശദാംശം</u>

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ വിവരം | |
|---|---|---|---|---|---|---|
| | | | | | നമ്പർ, തിയതി | തുക |

| | | | | | | |
|---|---|---|---|---|---|---|
| 1 | 67 | വയോജനങ്ങൾക്ക് ഉപകരണം നൽകൽ (ജനറൽ) | 1200600 | 1198925 | 53/23.03.19 | 208250 |
| | | | | | 54/23.03.19 | 321300 |
| | | | | | 55/23.03.19 | 297500 |
| | | | | | 56/23.03.19 | 371875 |
| 2 | 68 | വയോജനങ്ങൾക്ക് കട്ടിൽ- പട്ടികജാതി വിഭാഗം. | 413250 | 412672 | 48/23.03.19 | 203112 |
| | | | | | 49/23.03.19 | 209560 |
| ആകെ | | | 1613850 | 1611597 | | 1611597 |

2) നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ടെണ്ടർ പ്രകാരം സ്പെസി ഫിക്കേഷൻ | നീളം: 1.98 mtr, വീതി: 90cm,<br>front leg 60 cm L, back leg 50 cm L,<br>Top 8 mm plywood | |
| സപ്ലൈയർ | പ്രോജക്ട് നം- 67 | കെ.എസ്.ഐ.ഇ ലിമിറ്റഡ് |
| | പ്രോജക്ട് നം- 68 | റഷീദ് അലി.എം,<br>സം സം ഇൻഡസ്ട്രീസ്,<br>പാലക്കാട് |

3)വാങ്ങൽ- വിതരണ നടപടികൾ

എ) ടെണ്ടർ വിജ്ഞാപനം- ഒറ്റ വാങ്ങൽ നടപടികൾ സ്വീകരിച്ചില്ല.

വൃദ്ധർക്ക് കട്ടിൽ വാങ്ങിനൽകുന്നതിനുള്ള 2 പദ്ധതികൾക്കുമായി ഒരൊറ്റ ടെണ്ടർ ക്ഷണിച്ചാൽ മതിയെന്നിരിക്കെ വ്യത്യസ്ത ടെണ്ടർ ക്ഷണിക്കുകയും വ്യത്യസ്ഥ സ്ഥാപനങ്ങളിൽ നിന്നും കട്ടിലുകൾ വാങ്ങിനൽകുകയും ചെയ്തിരിക്കുന്നു. രണ്ട് പദ്ധതികളിലേക്കുമായി ഒറ്റ ടെണ്ടർ ക്ഷണിച്ചതാണെങ്കിൽ കൂടുതൽ മത്സരാധിഷ്ഠിത ടെണ്ടർ ലഭ്യമാകുമായിരുന്നു.

ബി) വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ ടെണ്ടർ വിജ്ഞാപനം ചെയ്തു- ടെണ്ടർ വിജ്ഞാപനം വ്യക്തവും സുതാര്യവുമാകേണ്ടതാണ്.

ടെണ്ടർ വിജ്ഞാപനത്തിൽ കട്ടിലുകൾക്ക് ആവശ്യമായ ഗെയ്ജ് രേഖപ്പെടുത്തിയിട്ടില്ല. ഗെയ്ജ് വ്യക്തമായി രേഖപ്പെടുത്താത്ത ടെണ്ടർ തള്ളുന്നതാണ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. സാമ്പിൾ പരിശോധന ആവശ്യമാണെന്ന് ടെണ്ടർ പരസ്യത്തിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനയ്ക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

സി) ടെണ്ടർ വിജ്ഞാപനത്തിലെ സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തി

ടെണ്ടർ വിജ്ഞാപനപ്രകാരം 8mm ആവശ്യപ്പെടുകയും ടെണ്ടർ ലഭിച്ചതിൽ 12 mm

രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കുകയും ചെയ്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടെണ്ടർ സ്വീകരിച്ചതിനു ശേഷം സ്പെസിഫിക്കേഷനുകൾ നിശ്ചയിക്കാവുന്നതല്ലെന്ന് സ്റ്റോർസ് പർച്ചേസ് മാന്വലിൽ നിബന്ധനയുണ്ട്. സ്പെസിഫിക്കേഷനുകൾ വ്യക്തമായി ഉൾപ്പെടുത്താതിരുന്നാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വ്യത്യസ്ത സ്പെസിഫിക്കേഷനുകൾ താരതമ്യം ചെയ്യുവാൻ സാദ്ധ്യമല്ല. ആയതിനാൽ ആവശ്യകത അനുസരിച്ച് ടെണ്ടർ പരസ്യത്തിൽ പർച്ചേസ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ ആദ്യം തന്നെ തീരുമാനിച്ച് ഉൾപ്പെടുത്തേണ്ടതായിരുന്നു. ടെണ്ടർ വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഡി) കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയതിനാൽ 51200 രൂപയുടെ നഷ്ടം സംഭവിച്ചു

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.11.2018 ലെ 3(6) നമ്പർ തീരുമാനപ്രകാരം പ്രോജക്ട് നമ്പർ 68 ന്റെ ആവശ്യത്തിലേക്ക് പർച്ചേസ് കമ്മിറ്റി ടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളോടും 12.10.2018 ൽ സാമ്പിൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതായും ആയത് പരിശോധിച്ച് 2x1 ഫ്രെയിം 8 mm പ്ലൈ ഐറ്റം കട്ടിലിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എഫ്ഫോർ ട്രേഡിംഗ്സ് 3271 രൂപ, സം സം ഇൻഡസ്ട്രീസ് -2824 രൂപ എന്നീ സാധനങ്ങൾ ഗുണനിലവാരമില്ല എന്ന് വിലയിരുത്തി, 3x1 ഫ്രെയിം 12 mm പ്ലൈ പ്രകാരമുള്ള കട്ടിലിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സം സം ഇൻഡസ്ട്രീസ് -3224 രൂപയുടെ കട്ടിൽ ഗുണനിലവാരമുള്ളതാണെന്ന് വിലയിരുത്തുകയും ആയത് വാങ്ങി നൽകാവുന്നതാണെന്ന് ഭരണസമിതിയോട് പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത് ഭരണസമിതി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെയും ആനുകൂല്യം ലഭ്യമായതിന്റെയും വിവരം

| പ്രോജക്ട് നം | വാങ്ങൽ രീതി | ആനുകൂല്യം ലഭ്യ മായവരുടെ എണ്ണം |
|---|---|---|
| 67 | ഇ- ടെണ്ടർ<br>കുറഞ്ഞ തുക (2975)<br>രേഖപ്പെടുത്തിയ KSIE യിൽ<br>നിന്നും വാങ്ങിനൽകി | 403 |
| 68 | ടെണ്ടർ<br>കുറഞ്ഞ തുക (2824) രേഖപ്പെടുത്തിയ<br>സം സം ഇൻഡസ്ട്രിസ്<br>എന്ന സ്ഥാപനത്തിന്റെ ടെണ്ടർ<br>ഒഴിവാക്കി അതേ സ്ഥാപനത്തിന്റെ<br>3224 രൂപ നിരക്കിലുള്ള<br>കട്ടിൽ വാങ്ങിനൽകി | 128 |

സാമ്പിളുകൾ ഹാജരാക്കുന്നതിന് ടെണ്ടറിൽ പ്രത്യേകം വിജ്ഞാപനം ചെയ്തിട്ടില്ല, സാമ്പിളുകൾ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയോ,

റിപ്പോർട്ട് ലഭ്യമാക്കിയതായോ കാണുന്നില്ല, കൂടാതെ റിപ്പോർട്ട് വിവരം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ ഇല്ല. സാങ്കേതിക വിദഗ്ദന്റെ പരിശോധനാ റിപ്പോർട്ടിന്റെ അഭാവത്തിലും ഗുണമേന്മയുടെ പേരിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി സാധനങ്ങൾ വാങ്ങിനൽകിയ നടപടി ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിച്ച് ആയത് പ്രകാരം കട്ടിലുകൾ വാങ്ങിനൽകിയതിനാൽ 51200 രൂപയുടെ (3224x128-2824x128) നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗുണനിലവാരമുള്ളതെന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടതിനാലാണ് കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതെന്ന് മറുപടി ലഭ്യമാക്കി(ഓഡിറ്റ് അന്വേഷണം നമ്പർ- 18/19.03.2020)

4) ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയതുവഴി ഉണ്ടായ നഷ്ടത്തുക 51200 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3) ടെണ്ടർ പരസ്യത്തിൽ പർച്ചേസ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷനുകൾ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതും സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനയ്ക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതമാണ്.

# 1-24 കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിന്, ജാഗ്രതാസമിതി എന്നിങ്ങനെ രണ്ട് പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണം, നിർവ്വഹണ നടപടികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടുകളുടെ വിശദാംശം

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 75 | കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് | 210000 | 210000 |
| 2 | 77 | ജാഗ്രതാ സമിതി | 50000 | 49680 |
| ആകെ | | | 260000 | 259680 |

2) നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| പ്രോജക്റ്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും | പ്രോജക്ട് നം- 75 | ജാഗ്രതാ സമിതി കൗൺസിലർക്ക് വേതനം, പെൺകുട്ടികൾക്ക് എച്ച്.ബി ടെസ്റ്റ്, രക്തക്കുറവുള്ള കുട്ടികൾക്ക് മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന ഭക്ഷ്യവസ്തുക്കൾ, കരാട്ടെ പരിശീലനം, എ.ജി ക്ലബ്ബുകൾക്ക് പുസ്തക വിതരണം,<br>39 കൈ എഴുത്ത് മാസികയ്ക്ക് പുസ്തകം |
| | പ്രോജക്ട് നം- 77 | പദ്ധതി, സബ്സിഡി മാർഗ്ഗരേഖകളിലെ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനം |

3) കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് പദ്ധതി

എ) സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പദ്ധതി വിഭാവനം ചെയ്തു

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.4.4 പ്രകാരം ജില്ലാ പഞ്ചായത്തുകളും നഗരസഭകളും പ്രൊജക്ട് ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്നാൽ പ്രസ്തുത വ്യവസ്ഥയ്ക്ക് വൃുദ്ധമായാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നത്. കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് നിർദ്ദിഷ്ട യോഗ്യതയുള്ള കൗൺസിലർമാരെ നിയോഗിക്കാവുന്നതാണെന്നും, ഒരു തദ്ദേശ സ്ഥാപനത്തിലെ സർക്കാർ/ എയ്ഡഡ് എച്ച്.എസ്/എച്ച്.എസ്.എസ് സ്കൂളുകളിലെ പെൺകുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി രണ്ടോ മൂന്നോ സ്കൂളുകളെ ഒരു യൂണിറ്റായി കണക്കാക്കി ഒരു സ്കൂൾ കൗൺസിലർക്ക് ചുമതല നൽകാവുന്നതാണ്, സാമൂഹ്യനീതി വകുപ്പും വിദ്യാഭ്യാസവകുപ്പും നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലേഴ്സിനെ കൂടി കണക്കാക്കി ജില്ലയിലെ എല്ലാ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിലും കൗൺസിലറുടെ സേവനം കിട്ടത്തക്കവണ്ണം ക്രമീകരിക്കണം എന്നുമാണ് സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പദ്ധതി വിഭാവനം ചെയ്യുകയും പിന്നീട് വിഭാവനം ചെയ്ത പ്രവർത്തനങ്ങളിൽ നിന്നും വ്യതിചലിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കിയ നടപടി ക്രമപ്രകാരമല്ല.

ബി) പദ്ധതി പ്രകാരമുള്ള ചെലവുകൾ

| ക്രമ നം. | ചിലവിനം | ചെലവ് തുക | ബിൽ തുക, നമ്പർ, |
|---|---|---|---|

| | | | |
|---|---|---|---|
| | | | തിയതി |
| 1 | പ്രിയങ്ക, കൗൺസിലർ വേതനം- 12/2018 | 12097 | 12097, 22/17.01.19 |
| 2 | കെ.എസ്.രാകേഷ്, പാത്തോളജി ലാബ് പാലക്കാട്- ലാബ് ടെസ്റ്റ് | 9843 | 9843, 24/04.02.19 |
| 3 | സ്വയംപ്രഭ- റിഫ്രെഷ്മെന്റ് ചാർജ്, വനിതാ കാന്റീൻ | 3000 | 3000, 28/14.02.19 |
| 4 | പ്രിയങ്ക, കൗൺസിലർ വേതനം- 01/2019 | 15000 | 15000, 33/27.02.19 |
| 5 | പ്രിയങ്ക, കൗൺസിലർ വേതനം- 2/2019 | 15000 | 15000, 43/16.03.19 |
| 6 | കേരളാ സ്റ്റേറ്റ് ബുക്ക്മാർക്ക്- പുസ്തകം വാങ്ങൽ | 39000 | 39000, 64/25.03.19 |
| 7 | ARTCO- സ്റ്റീൽ സ്ലോട്ടഡ് ആങ്കിൾ റാക്ക്- ബുക്ക് ഷെൽഫ് | 90967 | 90967, 65/25.03.19 |
| 8 | സുജിത്ത്- അക്ഷരാ പ്രിന്റേഴ്സ് | 10453 | 25453, 66/25.03.19 |
| 9 | പ്രിയങ്ക, കൗൺസിലർ വേതനം- 3/2019 | 15000 | |
| ആകെ | | | 2,10,000 രൂപ |

സി) പദ്ധതിയിൽ വിഭാവനം ചെയ്യാത്ത ഫർണീച്ചർ വാങ്ങൽ പ്രവർത്തി- പദ്ധതി മാർഗ്ഗരേഖാ ലംഘനം

പദ്ധതിയുടെ ഭാഗമായി കൗമാരക്കാരായ പെൺകുട്ടികളുടെ ക്ലബ്ബുകൾക്ക് (17 എണ്ണം) മേൽ പട്ടിക ക്രമ നമ്പർ 7 ഇൽ സൂചിപ്പിച്ചിട്ടുള്ള ഫർണീച്ചർ വാങ്ങിനൽകിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ- 318/22.03.2019). ആനുകൂല്യം ലഭ്യമായ ക്ലബ്ബുകളുടെ രജിസ്ട്രേഷൻ, കൈപ്പറ്റ് വിവരം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങളിൽ വ്യതിചലിച്ച് ഫർണീച്ചർ വാങ്ങി നൽകിയ നടപടി, പദ്ധതി സബ്സിഡി മാർഗ്ഗരേഖകളുടെ ലംഘനമായതിനാൽ 90967 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതര ഇനങ്ങൾക്കായി ചിലവഴിച്ച ബാക്കിത്തുക 1,19,033/- രൂപ സർക്കാരിന്റെ ചെലവനുമതിയ്ക്ക് വിധേയമായി തടസ്സത്തിൽ വയ്ക്കുന്നു.

4) ജാഗ്രതാ സമിതി കൗൺസിലർക്കുള്ള വേതനം- ജാഗ്രതാ സമിതി പ്രൊജക്ടിന്റെ ഭാഗമാക്കാമെന്നിരിക്കെ കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് പദ്ധതിയുടെ ഭാഗമാക്കി നിർവ്വഹണം നടത്തി.

ഐ.സി.ഡി.എസ് സൂപ്പർവൈസർ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷത്തിൽ ജാഗ്രതാ സമിതി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൗൺസിലർമാർക്കുള്ള വേതനം പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്താമെന്നിരിക്കെ

കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് എന്ന പദ്ധതിയിലൂടെ കൗൺസിലർക്ക് വേതനം നല്കിയ നടപടി ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്താനാവാത്ത പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിയതിനും പദ്ധതി പ്രകാരം വിഭാവനം ചെയ്യാത്ത പ്രവർത്തി, സാധന സമാഹരണം എന്നിവ നടത്തിയതിനും മറുപടി ലഭ്യമാക്കിയിട്ടില്ല.
(ഓഡിറ്റ് അന്വേഷണം നമ്പർ- 28/20.03.2020)

# 1-25 തെരുവ് വിളക്ക് പരിപാലനം - അവലോകനം

തെരുവ് വിളക്ക് പരിപാലിക്കുന്നതിന്റെ ഭാഗമായി ആകെ 2 ഇലക്ട്രിക്കൽ സെക്ഷനുകളിൽ സാമ്പത്തിക വർഷം അടവാക്കിയ വൈദ്യുതി ചാർജ്ജിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇലക്ട്രിക്കൽ സെക്ഷൻ | വൈദ്യുതി ചാർജ്ജ് |
|---|---|
| വാളയാർ | 841620 |
| കഞ്ചിക്കോട് | 2317540 |
| ആകെ | 3159160/- |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നിലവിൽ ഈടാക്കുന്നത് മീറ്ററിങ്ങ് സംവിധാനം മുഖേനയാണ്. നിലവിൽ കഞ്ചിക്കോട്, വാളയാർ സെക്ഷനുകളിൽ എല്ലാ തെരുവ് വിളക്കുകളും മീറ്ററിങ്ങിന് കീഴിൽ ആണ്.ആകെ 210 കൺസ്യൂമർ നമ്പറുകൾ വഴി വൈദ്യുതി ചാർജ്ജ് ഈടാക്കുന്നുണ്ട്.

<u>കെ.എസ്.ഇ.ബി യുമായുള്ള സംയുക്ത പരിശോധന</u>

കെ.എസ്.ഇ.ബി യുമായി 2018 വർഷം സംയുക്ത പരിശോധന നടത്തി വാർഡ് തിരിച്ചുള്ള തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. 2018 ന് ശേഷം ഇതുവരെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ 23 വാർഡുകളിലുള്ള വിളക്കുകളുടെ തരം ചുവടെ ചേർക്കുന്നു.

| വിളക്കുകളുടെ തരം | എണ്ണം |
|---|---|
| സോഡിയം വേപ്പർ ലാമ്പ് | 489 |
| ഫ്ലൂറസന്റ് ട്യൂബ്- സിംഗിൾ | 1618 |
| ഫ്ലൂറസന്റ് ട്യൂബ്- ഡബിൾ | 550 |
| സി.എഫ്.എൽ -18W | 1020 |
| സി.എഫ്.എൽ -20W | 1527 |
| എൽ.ഇ.ഡി - 20W | 230 |

| | |
|---|---|
| എൽ.ഇ.ഡി - 9W | 340 |
| എൽ.ഇ.ഡി - 32W | 294 |
| എൽ.ഇ.ഡി -70W | 110 |

<u>തെരുവ് വിളക്ക് സ്ഥാപിക്കൽ</u>

തൻ വർഷം നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ - 7/19 – എൽ.ഇ.ഡി സ്ഥാപിക്കൽ

അടങ്കൽ - 450000

മേൽ പദ്ധതി പ്രകാരം 145 എണ്ണം 25 W എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് വാർഡ് തിരിച്ചുള്ള വിളക്കുകളുടെ കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

<u>തെരുവ് വിളക്ക് അറ്റകുറ്റപണി</u>

തൻ വർഷം തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് തനത് ഫണ്ടിൽ നിന്ന് 30 ലക്ഷം രൂപ വകയിരുത്തി 29,15631/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി 23.04.18 ന് ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ പ്രൈസ് ഷെഡ്യൂൾ പരിശോധിച്ചതിൽ വൈദ്യുതി ഉപഭോഗം കൂടുതലുള്ള ഓർഡിനറി ബൾബുകൾ, ഫ്ലൂറസന്റ് ട്യൂബ്, സി.എഫ്.എൽ എന്നിവയുടെ അറ്റകുറ്റപണികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സി.എഫ്.വിളക്കുകൾ മാറ്റി എൽ.ഇ.ഡി വിളക്കകൾ സ്ഥാപിച്ചിട്ടുമുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി പുതിയതായി സ്ഥാപിച്ച വിളക്കുകൾ ഉൾപ്പെടുത്തുകയും, നീക്കം ചെയ്തവ കുറച്ചും വാർഡ് തിരിച്ചുള്ള വിളക്കുകളുടെ കണക്ക് കാലികമാക്കേണ്ടതാണ്.

2. വൈദ്യുതി ഉപഭോഗം കൂടുതലുള്ള ഓർഡിനറി ബൾബുകൾ, ഫ്ലൂറസന്റ് ട്യൂബ് തുടങ്ങിയവ ഒഴിവാക്കി LED വിളക്കുകൾ സ്ഥാപിക്കുകയാണെങ്കിൽ വൈദ്യുതി ചാർജ് ഗണ്യമായി കുറക്കാവുന്നതാണ്.

2. പഴയ വിളക്കുകൾ മാറ്റുന്നതനുസരിച്ച് അവ സ്റ്റോക്കിലെടുത്ത് മൂല്യം നിർണ്ണയിക്കേണ്ടതാണ്. ഏതെല്ലാം ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് വിളക്കുകൾ മാറ്റിയിട്ടുള്ളത് എന്ന വിവരം അറ്റകുറ്റപണി നടത്തുന്ന സ്ഥാപനം ലഭ്യമാക്കുന്നതിനായി കരാറിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

3. തെരുവ് വിളക്കുകളുടെ വാർഷിക റിപ്പയറിൽ വാറണ്ടിയുള്ള വിളക്കുകൾ ഉൾപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്</u>

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വാർഡ് തിരിച്ചുള്ള ഇലക്ട്രിക്ക് പോസ്റ്റുകളുടെ എണ്ണം, തെരുവ് വിളക്കുകളുടെ തരം എന്നീ വിവരങ്ങളടങ്ങിയ ആസ്തി രജിസ്റ്റർ തയ്യാറാക്കി

വാർഷിക അറ്റകുറ്റപണിക്ക് ചെലവിടുന്ന തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

2. പരാതി രജിസ്റ്റർ - അറ്റകുറ്റപണിയുടെ ആവശ്യകത പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് - കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് ടി രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

# 1-26 കേരളാ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുവാനുള്ള കുടിശ്ശിക വാർഷിക കണക്കിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തേണ്ടതാണ്

കേരളാ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുവാനുള്ള പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക, ബൾക്ക് മീറ്റർ സംവിധാനത്തിന്റെ വാട്ടർ ചാർജ്ജ് കുടിശ്ശിക എന്നിവ 2018-19ലെ വാർഷിക കണക്കിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിക്കാണുന്നില്ല.

2018-19 സാമ്പത്തിക വർഷം 520 പൊതുടാപ്പുകൾക്ക് 227500/-രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത്. പിന്നീട് 2019 ൽ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ 328 ടാപ്പുകൾക്കായി ഡിമാന്റ് കുറഞ്ഞു. പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലൂടെ ഇന്നേവരെ 2024 ഗാർഹിക കണക്ഷനുകൾ അനുവദിച്ചതിനെ തുടർന്ന് ആകെയുള്ള 328 ടാപ്പുകളിൽ നിന്ന് 33 എണ്ണം ഒഴികെയുള്ളവ ഡിസ്കാന്റിൽ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 290200/-രൂപ 12.03.20 ന് ഒടുക്കിയിട്ടുണ്ട്.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധനയിൽ നേരിട്ട കാലതാമസം മൂലം 7/18 മുതൽ 01/19 വരെയും, 9/19, 10/19, 11/19 എന്നീ മാസങ്ങളിലും വാട്ടർ ചാർജ്ജ് അടവാക്കിയിട്ടില്ല. നിലവിൽ ആകെ പലിശയടക്കം 24,35255/-രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ ചന്ദ്രാപുരം, വാളയാർ മേഖലകളിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ട് 2014 മുതൽ നിലവിലുള്ള ബൾക്ക് മീറ്റർ സംവിധാനത്തിന്റെ വാട്ടർ ചാർജ്ജ് 2017/ ഡിസംബർ വരെ പഞ്ചായത്ത് നേരിട്ടാണ് ഒടുക്കിയിരുന്നത്. എന്നാൽ 2018/ ആഗസ്റ്റ് മുതൽ ബൾക്ക് മീറ്റർ പരിധിയിൽ വരുന്ന ഗുണഭോക്താക്കളാണ് വാട്ടർ ചാർജ്ജ് ഒടുക്കുന്നത്. 2017/ ഡിസംബർ വരെയുള്ള കുടിശ്ശികയിനത്തിൽ 11,84,105/-രൂപ ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ആയതിന് 23.07.19 ന് സർക്കാർ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭ്യമായിട്ടില്ല.

പൊതുടാപ്പുകളുടെയും, ബൾക്ക് മീറ്റർ സംവിധാനത്തിന്റെയും വാട്ടർ ചാർജ്ജ് കുടിശ്ശിക വരും വർഷത്തിൽ വാർഷിക കണക്കിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തേണ്ടതാണ്.

# 1-27 ഖരമാലിന്യ സംസ്ക്കരണത്തിന് സ്ഥലം വാങ്ങൽ - ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1489900/-രൂപ തിരിച്ചടവാക്കേണ്ടതാണ്

പ്രൊജക്ട് നം - 36/19 - ഖരമാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ

അടങ്കൽ - 5100000

നിർവ്വഹണം - സെക്രട്ടറി

ഖരമാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2016-17 വർഷം ലഭ്യമായ 1489900/-രൂപ വിനിയോഗിക്കാതെ സംയുക്ത ഫണ്ടുകളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പദ്ധതി നിർവ്വഹിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 5/11.03.20) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 400 കോടി രൂപ ചെലവിൽ വെയ്സ്റ്റ് ടു എനർജി എന്ന പദ്ധതി സർക്കാർ നേരിട്ട് നടപ്പാക്കുന്നതിനാലും പ്രസ്തുത കേന്ദ്രത്തിലേക്ക് 50 കി.മീ ചുറ്റളവിലുള്ള മേഖലയിൽ നിന്നും മാലിന്യം ശേഖരിക്കേണ്ടതിനാൽ പഞ്ചായത്തിന് പ്രത്യേകമായി ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കേണ്ട ആവശ്യം വരുന്നില്ല. പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ടുണ്ട്.

വിനിയോഗിക്കാതെ അവശേഷിക്കുന്ന 1489900/-രൂപ ബ്ലോക്ക് പഞ്ചായത്ത് മുഖേന തിരിച്ചടവാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 സ്വയം തൊഴിൽ പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് വിഹിതം 250000/-രൂപ തിരിച്ചടവാക്കേണ്ടതാണ്

പ്രൊജക്ട് നം - 306/19 - സ്വയം തൊഴിൽ - കുടുംബശ്രീ ഹോളോബ്രിക്സ് യൂണിറ്റ്

അടങ്കൽ - 500000

നിർവ്വഹണം - അസി.സെക്രട്ടറി

മേൽ പദ്ധതിക്ക് 2.5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും, 2.5 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നുമാണ് വകയിരുത്തിയിട്ടുള്ളത്. ഹോളോബ്രിക്സ് യൂണിറ്റ് തുടങ്ങുന്നതിനായുള്ള കുടുംബശ്രീ ഗ്രൂപ്പ് ഇതേവരെ രൂപീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2018-19 സാമ്പത്തിക വർഷം ലഭ്യമായ 250000/-രൂപ വിനിയോഗിക്കാതെ സംയുക്ത ഫണ്ടുകളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പദ്ധതി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 6/11.03.20 ) 2018-19 വർഷം ലോക്

സഭാ ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ ടെണ്ടർ നടപടികൾ നിർത്തിവെക്കേണ്ടി വന്നതിനാലാണ് പദ്ധതി നടപ്പാക്കാൻ കഴിയാഞ്ഞത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിനായുള്ള കുടുംബശ്രീ ഗ്രൂപ്പ് നാളിതുവരെയും രൂപീകരിച്ചിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ 250000/-രൂപ തിരിച്ചടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

പ്രൊജക്ട് നം - 28/19 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ - 2400000

ചെലവ് - 1250000

നിർവ്വഹണം - അസി.സെക്രട്ടറി

മേൽ പദ്ധതി പ്രകാരം സാമ്പത്തിക വർഷം ആകെ 9 ഗുണഭോക്താക്കൾക്ക് 200000/-രൂപ വീതം ധനസഹായം അനുവദിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവ് | അനുവദിച്ച തുക | ബിൽ നം/ തീയതി | അനുവദിക്കേണ്ട ബാലൻസ് |
|---|---|---|---|
| അക്ഷയ് കൃഷ്ണ,<br>S/o ചെന്താമരാക്ഷൻ.വി<br>തുമ്പിക്കുന്ന്, കഞ്ചിക്കോട് | 50000<br>100000 | 32/31.12.18<br>66/18.03.19 | 50000 |

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 22/20.03.20)ഗുണഭോക്താവ് നിർമ്മാണം ഉടനെ തന്നെ പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് -സ്റ്റോക്കിലുള്ള ലാപ് ടോപിന്റെ

# വിതരണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നം - 15/19 – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

അടങ്കൽ - 120000

ചെലവ് - 109160

നിർവ്വഹണം - അസി.സെക്രട്ടറി

മേൽ പദ്ധതി പ്രകാരം ആകെ 4 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അക്ഷര എന്റർപ്രൈസസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് ലാപ് ടോപ് പർച്ചേസ് ചെയ്തതിട്ടുണ്ട്. (ബ്രാൻഡ് – Lenovo, ഇൻവോയ്സ് നമ്പർ – 440/10.12.18). ഇതിൽ ഒരെണ്ണം വിതരണം ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 22/20.03.20) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

ലാപ് ടോപ് വാങ്ങിയതിനു ശേഷം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവ് ആയത് ആവശ്യമില്ല എന്ന് അറിയിച്ചിരുന്നു. നിലവിൽ സ്റ്റോക്കിലുള്ള ലാപ് ടോപ് 2019-20 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് എന്ന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവിന് നൽകുവാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുക്കുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 കുടുംബശ്രീ ഗ്രൂപ്പുകൾക്കായുള്ള പദ്ധതികൾ - തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്

അസി.സെക്രട്ടറി മുഖേന നിർവ്വഹിച്ച താഴെ പറയുന്ന പദ്ധതികളുടെ മോണിട്ടറിങ്ങ് റിപ്പോർട്ട് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (സ്ത്രീകളുടെയും, കുട്ടികളുടെയും വികസനം) തയ്യാറാക്കിയിട്ടില്ല.

I. പ്രൊജക്ട് നം - 72/19 -കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തൊഴിൽ പരിശീലനവും, ധനസഹായവും

അടങ്കൽ - 2650000

ചെലവ് - 962500

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിന് വികസന ഫണ്ടിൽ നിന്ന് വായ്പാ ബന്ധിത സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രൂപ്പിന്റെ പേര് | തൊഴിൽ | സബ്സിഡി | ബിൽ നം/ തീയതി |
|---|---|---|---|
| ഹരിതം | തുണിവ്യാപാരം, | 187500 | 38/12.03.19 |

| | | | |
|---|---|---|---|
| | പലചരക്ക് കച്ചവടം | | |
| നന്മ | തുണിക്കട, തുണി സഞ്ചി തയ്യൽ | 187500 | 38/12.03.19 |
| പ്രതീക്ഷ | ഹോട്ടൽ | 225000 | 55/29.03.19 |
| ശക്തി | പലഹാര യൂണിറ്റ് | 175000 | 56/29.03.19 |
| ദേവിശ്രീ | തലയണ മാർക്കറ്റിങ്ങ് | 187500 | 59/14.03.19 |

ഗ്രൂപ്പുകളുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -22/20.03.20) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി ഗ്രൂപ്പുകളെല്ലാം തന്നെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട് എന്നാണ്.

II. പ്രൊജക്ട് നം - 74/19 - കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിങ്ങ് ഫണ്ട്

അടങ്കൽ - 470000

ചെലവ് - 260000

മേൽ പദ്ധതി പ്രകാരം ഗ്രേഡിങ്ങ് കഴിഞ്ഞ 26 കുടുംബശ്രീ സംഘങ്ങൾക്ക് 10000/- രൂപ വീതം ആകെ 260000/-രൂപ റിവോൾവിങ്ങ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

റിവോൾവിങ്ങ് ഫണ്ട് വകയിരുത്തുന്നതിലും, വിനിയോഗിക്കുന്നതിലും സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ 14.02.18 ഖണ്ഡിക 21 -2 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പദ്ധതികൾ വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നു എന്ന് തുടർ മോണിട്ടറിങ്ങ് നടത്തി ഉറപ്പാക്കേണ്ടതും, മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

# 1-32 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗം എന്നിവ ലഭ്യമായിട്ടില്ല. പദ്ധതിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

നിർവ്വഹണം - സെക്രട്ടറി

| ക്രമ നം | പ്രൊജക്ട് നം | അടങ്കൽ | പ്രൊജക്ട് | നിർവ്വഹണഏജൻസി | നിക്ഷേപിച്ച തുക | ബിൽ/വൗച്ചർ നം/തീയതി |
|---|---|---|---|---|---|---|
| 1 | 8/19 | 2334660 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | KSEB, വാളയാർ | 1267204 | 25/21.08.18 |
| | | | | ടി | 528470 | 34/16.10.18 |

| | | | | | | |
|---|---|---|---|---|---|---|
| 2 | - | - | പൂലംപാറ എസ്.സി കോളനി റോഡിൽ വൈദ്യുത പോസ്റ്റുകൾ മാറ്റുന്നതിന് | KSEB, വാളയാർ | 9850 | 21801211/17.01.19 |
| 3 | 55/19 | 1980600 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | കേരളാ വാട്ടർ അതോറിറ്റി, പി.എച്ച് സബ് ഡിവിഷൻ, പാലക്കാട് | 1941000<br>39600 | 21/17.08.18<br>23/17.08.18 |
| 4 | So174/19 | 1290958 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ടി | 406000<br>204400<br>635063 | 20/17.08.18<br>22/17.08.18<br>26/17.08.18 |
| ആകെ | | | | | 5031587/- | |

മേൽ നിക്ഷേപ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കേരളാ വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടു കാണുന്നില്ല.

പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ കൃത്യമായ കരാർ വ്യവസ്ഥകളിൽ അധിഷ്ഠിതമായി നിർവ്വഹിക്കേണ്ടതാണ്. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-33 പൊതുമരാമത്ത് മാനവൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി

ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ (PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷം കരാർ തുകയുടെ (PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായി ചുമത്തേണ്ടത്. കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി കരാറുകാർ അപേക്ഷ നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുകയും ആയതിൽ നിയമാനുസൃത ഫൈനോട്ടുകൂടി എന്ന് അസി.എഞ്ചിനിയർ കുറിപ്പെഴുതിയതായും കാണുന്നു. എങ്കിലും ദീർഘിപ്പിക്കലിന് അനുമതി നൽകിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പിഴ സംബന്ധിച്ച് പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനുപകരം കാലഹരണപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കരാർ ചമച്ചത്. ആകയാൽ എഗ്രിമെന്റിലെ നിബന്ധന 7 അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | കാലാവധി | ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|---|
| 1. | 202/19 (108/17-18) കൊശപ്പള്ളം സത്രപ്പടി പോക്കറ്റ്റോഡ് കോൺക്രീറ്റിംങ്<br><br>കരാറുകാരൻ : ബാബു<br><br>എഗ്രിമെന്റ് നം.38/ AE/LSGD/Pdsy/17-18തിയതി. 14-11-17<br><br>പ്രവൃത്തിയുടെ കാലാവധി : 5 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 14-11-17<br><br>പൂർത്തീകരിച്ച തീയതി:<br><br>26-9-18<br><br>തുക 77318- | 97916 | ഗ്രേസ് പിരിയഡ് (20%) 28 ദിവസം<br><br>29-04-2018 മുതൽ 27-07-2018 വരെ PAC യുടെ1% പിഴ =979<br><br>28-07-2018 മുതൽ 25-09-2018 വരെ PAC യുടെ2% പിഴ (97916*2/100*60/90= 1306) | 2285 | 0 | 2285 |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽ നം. 52/18-19 തീയതി :26/11/18 | | | | | |

പൂർത്തീകരണ കാലാവധി  ദീർഘിപ്പിച്ചു നൽകുമ്പോൾ പിഴ ചുമത്തുന്ന രീതി പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന തരത്തിൽ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യാതിരുന്നതിനും, ഉഭയകക്ഷി കരാറിലെ 7ാമത്തെ നിബന്ധന പ്രകാരം പിഴ വസൂലാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.20 തിയതി.20-03-2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-34 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർഭരണ സമിതി അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | 191/19(45/17-18)ബംഗ്ലാകളം റോഡ് മെറ്റലിംങ്-ടാറിംങ് കരാറുകാരൻ : ശിവൻ .വി അടങ്കൽ=440000 ചെലവ് = 440000 തൻവർഷം ചെലവ്-352484 ബിൽ നം. 19/18-19 തീയതി :25/5/18<br>മുൻവർഷം ചെലവ് - 87516(28-12-2017) PAC=440000 | 30-10-2017<br>തീരുമാനം.10/1 | 20-11-2017 | എഗ്രിമെന്റ് നം.63/ AE/LSGD/PDSY-GP/ 17-18-തിയതി. 29-11-17 | 4400 |
| 2 | 236/19തേജസ് റോഡ് നഗർ റീടാറിംങ് കരാറുകാരൻ : നാഗരാജ് അടങ്കൽ=100000 ചെലവ് =98419 ബിൽ നം. 100/18-19 തീയതി :19/3/19 PAC=100000 | 21-11-2018<br>തീരുമാനം 3(1) | 12-12-2018 | എഗ്രിമെന്റ് നം.106/ AE/LSGD/PDSY-GP/ 18-19-തിയതി. 15-12-18 | 1000 |
| | | | ആകെ | | 5400 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹5400/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തിയതി 19-03-2020)മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-35 കുടിവെള്ള പദ്ധതിക്ക് ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്താതെ മോട്ടോറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

2018-19 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി വികസന (scp) ഫണ്ടുപയോഗിച്ച് താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്

| ക്രമ നം | പ്രൊജക്ട് നം,പേര് | അടങ്കൽ | ചെലവ് | ബില്ലിന്റെ വിവരം |
|---|---|---|---|---|
| 1 | 212/2019- ചുള്ളിമട കുടിവെള്ള പദ്ധതി | 400000 | 400000 | 24/2018-19 തിയതി-25-05-18 |
| 2 | 258/19കളിയങ്കാട് കുടിവെള്ള പദ്ധതി | 250000 | 249972 | 86/2018-19 തിയതി-20-01-19 |

മേൽപറഞ്ഞ കുടിവെള്ള പദ്ധതികൾക്ക് പ്രൊജക്ട് വച്ച് അംഗീകാരം വാങ്ങുകയും വികസന ഫണ്ട് /മെയ്ന്റെനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുകയും ചെയതിട്ടുണ്ട്. കരാർ മുഖേനയാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. കുടിവെള്ള പദ്ധതിക്കായി ബോർവെൽ കുഴിച്ച് ,മോട്ടോർ സ്ഥാപിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ വർക്കുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കുന്നതിന് ഒരു HP ക്ക് 17774രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മോട്ടോറുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് സ്റ്റേജ് നിശ്ചയിച്ചുവേണം മോട്ടോറുകൾ സ്ഥാപിക്കേണ്ടത് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല . മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില സ്റേജ് അനുസരിച്ച് മാറുമെന്നതിനാൽ മോട്ടോറിന്റെ ഹോഴ്സ് പവർ നിശ്ചയിക്കുന്നതിന് yield test ഒഴിച്ചുകൂടാനാവാത്തതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.25 തിയതി 20-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>മേൽ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>

1. കുടിവെള്ള പദ്ധതികളിലെ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്ന വേളകളിൽ പഴയ മോട്ടോറുകൾ തിരികെ ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും റിപ്പയർ ചെയ്യാൻ ആവുന്നവ പ്രവർത്തന സജ്ജമാക്കി പുനരുപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. യീൽഡ് ടെസ്റ്റ് നടത്തി സ്റേജിനനുസൃതമായ മോട്ടോറുകൾ സ്ഥാപിക്കാൻ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്.

3. കൃത്യമായ ഇടവേളകളിൽ കുടിവെള്ള പദ്ധതികളിലെ ജലം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി ശുദ്ധത ഉറപ്പുവരുത്തേണ്ടതാണ്.

4. ജലത്തിനായി കുഴൽ കിണറുകളെ അമിതമായി ആശ്രയിക്കുക നിമിത്തം ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന് പോവുന്നതിന് ഇടവരുമെന്നതിനാൽ പരമ്പരാഗതമായ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് റീചാർജ്ജ് ചെയ്യുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

# 1-36 ഇ-ടെൻററ് ഫോറം ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ല

പഞ്ചായത്തിലെ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ ഇ- ടെൻറർ ചെയ്യപ്പെടുമ്പോൾ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പുതുശ്ശേരി എസ്.ബി.ഐ യിൽ 67219458138 നമ്പറായി ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ ലഭിക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് കൈമാറണമെന്നിരിക്കെ ആയത് കൈമാറാത്തതിനാൽ 19.03.2020 ന് നീക്കിയിരുപ്പായി 286897 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. തുക തനത് ഫണ്ടിലേക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

# 1-37 ടെൻററ് ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെൻറർ ഫോറങ്ങൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ടെൻറർ ഫോറങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്താൻ അസി.എഞ്ചിനീയറുടെ ഓഫീസിലും രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അസി.എഞ്ചിനീയർ 2018-19 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിട്ടുള്ള രശീതി പ്രകാരം 56 പ്രവൃത്തികൾക്കായി 261ടെൻറർ ഫോറങ്ങൾ വിവിധ കരാറുകാർക്ക് വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 220024 പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

500000രൂപവരെ അടങ്കലുള്ള പ്രവൃത്തിയിൽ ഒരു ടെൻറർ ഫോറത്തിന് 0.2 % നിരക്കിൽ 1000രൂപ വരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വയ്ക്കാത്തത് സാമ്പത്തിക ക്രമക്കേടിന് സാഹചര്യമൊരുക്കുമെന്നതിനാൽ രജിസ്റ്റർ സൂക്ഷിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടെൻറർ ഫോറം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കാത്തത് ഗുരുതരമായ

വീഴ്ചയാണെന്നും നിലവിലുള്ള ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് കണക്കിലെടുത്ത് രജിസ്റ്റർ കൃത്യമാക്കിവെക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്റ്റർ കൃത്യമാക്കിവെച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം-2

-ഒന്നുമില്ല-

ഭാഗം-3

-ഒന്നുമില്ല-

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 3.07.19 – 4.07.19 | KSA-PKD21/997/2019(68) |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2320150 | നെൽകൃഷി ഉഴവുകൂലി | 2320150 | 0 |
| | | 672220 | രണ്ടാം വിള നെൽകൃഷി ഉഴവുകൂലി | 672220 | 0 |
| | | 108500 | പച്ചക്കറി കൃഷി കൂലിച്ചെലവ് | 108500 | 0 |

| | | | | | |
|---|---|---|---|---|---|
| | | 1861435 | ലൈഫ്-ജനറൽ | 1850000 | 11435 |
| | | 1202057 | ലൈഫ്- എസ്.സി | 0 | 1202057 |
| | | 00000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 100000 | ആശ്രയ | 0 | 100000 |
| | | 360234 | ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി | 360234 | 0 |
| | | 250000 | കുടുംബശ്രീ ഹോളോബ്രിക്സ് യൂണിറ്റ് | 0 | 250000 |
| | | 10000 | അങ്കണവാടി കുടിവെള്ളപദ്ധതി | 0 | 10000 |
| | | | പാലിയേറ്റീവ് പദ്ധതി | 0 | 100000 |
| | 2017-18 | | ശുചിത്വ മിഷൻ ഫണ്ട് | 0 | 1489900 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2051676 | നെൽകൃഷി ഉഴവുകൂലി | 2051676 | 0 |
| | | 155000 | പച്ചക്കറി കൃഷി കൂലിച്ചെലവ് | 0 | 155000 |
| | | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 360000 | ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി | 360000 | 0 |
| | | 2048073 | ലൈഫ് ഭവനം -ജനറൽ | 2040000 | 8073 |
| | | 2518072 | ലൈഫ് ഭവനം - എസ്.സി | 0 | 2518072 |
| | | 550770 | ലൈഫ് ഭവനം - എസ്.ടി | 240000 | 310770 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ

# തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | നിർവഹണ ഏജൻസി | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി, വാളയാർ | 25/21.08.18 | 1267204 | വിനിയോഗ വിവരം ലഭ്യമല്ല | - |
| | ടി | 34/16.10.18 | 528470 | ടി | - |
| | കെ.എസ്.ഇ.ബി, കഞ്ചിക്കോട് | 45/24.11.18 | 193370 | 193370 | 0 |
| | ടി | 60/11.03.19 | 70000 | 70000 | 0 |
| | ടി | 21801609/ 12.03.19 | 274659 | 274659 | 0 |
| വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റുകൾ മാറ്റൽ | കെ.എസ്.ഇ.ബി, കഞ്ചിക്കോട് | 21801514/ 21.02.19 | 70258 | 70258 | 0 |
| | കെ.എസ്.ഇ.ബി, വാളയാർ | 21801565/ 21.02.19 | 16573 | 16573 | 0 |
| വാർഡ് 8- ബംഗ്ലാകുളം കോളനി റോഡിൽ രണ്ട് വൈദ്യുത പോസ്റ്റുകൾ മാറ്റുന്നതിന് | കെ.എസ്.ഇ.ബി, കഞ്ചിക്കോട് | 21800889/ 1.11.18 | 17532 | 17532 | 0 |
| പൂലംപാറ എസ്.സി കോളനി റോഡിൽ വൈദ്യുത പോസ്റ്റുകൾ മാറ്റുന്നതിന് | കെ.എസ്.ഇ.ബി, വാളയാർ | 21801211/ 17.01.19 | 9850 | വിനിയോഗ വിവരം ലഭ്യമല്ല | - |
| കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | കേരളാ വാട്ടർ അതോറിറ്റി, പി.എച്ച് സബ് ഡിവിഷൻ, പാലക്കാട് | 21/17.08.18 | 1941000 | വിനിയോഗ വിവരം ലഭ്യമല്ല | - |
| | | 23/17.08.18 | 39600 | ടി | - |
| കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ടി | 20/17.08.18 | 406000 | വിനിയോഗ വിവരം ലഭ്യമല്ല | - |
| | | 22/17.08.18 | 204400 | ടി | - |
| | | [illegible] | [illegible] | [illegible] | |

| | | | | | |
|---|---|---|---|---|---|
| | | 26/17.08.18 | 635063 | ടി | - |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 42500000 |
| തൻവർഷം നിക്ഷേപിച്ച തുക | 50000000 |
| ആകെ | 92500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 22500000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 70000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി/FD നമ്പർ | കാലയളവ് | തുക (പലിശ ഉൾപ്പെടെ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 28.03.19/ 0357040000933 | 28.09.19 | 10000000 | 29.9.19 മുതൽ പലിശ സഹിതം പുതുക്കി |
| 2. | പാലക്കാട് ജില്ലാ സഹകരണ ബാങ്ക്,കഞ്ചിക്കോട് | 03303020000132/ 30.11.18 | 14.04.19 | 5000000 | നിക്ഷേപം 6 മാസത്തേക്ക് വീതം പുതുക്കുന്നുണ്ട്. |
| | | 03303020000132-2/ 6.03.19 | 3.08.19 | 10000000 | 31.08.19 മുതലും,6.02.20 മുതലും പുതുക്കിയിട്ടുണ്ട്. |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, കഞ്ചിക്കോട് | 20.12.18/133517 | 19.06.19 | 20000000 | 28.06.19 മുതലും, 19.12.19 മുതലും പുതുക്കിയിട്ടുണ്ട്. |
| | | 1.02.19/135040 | 1.02.2020 | 20000000 | 7.02.2020മുതൽ ഒരു വർഷത്തേക്ക് പുതുക്കിയിട്ടുണ്ട്. |
| | | [illegible] | [illegible] | [illegible] | 27.08.19 |

| | | | | | |
|---|---|---|---|---|---|
| | | 5.03.19/136321 | 7.8.19 | 5000000 | മുതലും, 12.02.20 മുതലും പുതുക്കിയിട്ടുണ്ട്. |
| ആകെ | | | | 70000000/- | |

2018-19 സാമ്പത്തിക വർഷത്തെ പലിശയിനത്തിൽ ലഭ്യമായ 3128367/- രൂപ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

# 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | - | 45136117 | - | - | - | 45136117 |
| KURDFC | KURDFC/GP/177/2014/ 29.03.19 | 1500000 | - | - | - | 1500000 |
| ആകെ | | | | | | 46636117 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 37568/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2000-01 (2006-07-സമാഹൃത റിപ്പോർട്ട്) | 2-8 | 26944 | ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് | 1180704000233/26.07.18 |
| 2015-16 | 3-1 | 1251 | PWD കോൺട്രാക്ടർ - ശ്രീ കൃഷ്ണമൂർത്തി | 118070104995/3.08.18 |
| 2016-17 | 3 - 23 | 4431<br>2000<br>2942 | PWD കോൺട്രാക്ടർ - ശ്രീ ഉന്മേഷ് | 118070107039/9.10.18<br>118070107040/9.10.18<br>118070107041/9.10.18 |
| | ആകെ | 37568/- | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | | | | |
|---|---|---|---|---|---|

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-8 | 2006-07 | 3-63-1 | തൊഴിൽ നികുതി – പിഴപലിശ ഈടാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ₹334117293 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹263566687 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹247721 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹764713 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| -ഒന്നുമില്ല- | | | |

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുളള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഖണ്ഡികയിലെ ക്രമ നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-18 | - | 57237 | ശ്രീ. എ. ജയകൃഷ്ണൻ ഹെഡ്മാസ്റ്റർ |

| | | | |
|---|---|---|---|
| 1-19 | | 10632 | ശ്രീ. എ. ജയകൃഷ്ണൻ<br>ഹെഡ്മാസ്റ്റർ |
| 1-20 | - | 15700 | ശ്രീ. എ. ജയകൃഷ്ണൻ<br>ഹെഡ്മാസ്റ്റർ |
| 1-21 | - | 14300 | ശ്രീ. എ. ജയകൃഷ്ണൻ<br>ഹെഡ്മാസ്റ്റർ |
| 1-23 | - | 51200 | ശ്രീമതി. ലിമി ലാൽ ടി.എം<br>ICDS സൂപ്പർവൈസർ |
| 1-24 | - | 90967 | ശ്രീമതി. ലിമി ലാൽ ടി.എം,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-33 | | 2285 | ശ്രീ. കെ.സി. സജീവൻ<br>അസി. എഞ്ചിനിയർ |
| 1-34 | | 5400 | ശ്രീ. കെ.സി. സജീവൻ<br>അസി. എഞ്ചിനിയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് വിവരം |
|---|---|---|
| 1-20 | 62966 | ശ്രീ. എ. ജയകൃഷ്ണൻ, ഹെഡ്മാസ്റ്റർ |
| 1-22 | 582714 | ശ്രീമതി. ശാന്തി കമ്മത്ത്, കൃഷി ഓഫീസർ |
| 1-24 | 119033 | ശ്രീമതി. ലിമി ലാൽ ടി.എം, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. | സർവ്വീസിൽ നിന്ന് വിരമിച്ചു | “ശ്രീ”, വെസ്റ്റ് യാക്കര, |

| | | |
|---|---|---|
| കെ.സി.സജീവൻ<br><br>അസി.എഞ്ചിനിയർ | | പാലക്കാട് – 1 |
| ശ്രീമതി. ലിമി ലാൽ ടി.എം<br><br>ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | മാമ്പ്ര ഹൗസ്, ഇക്കണ്ട വാര്യർ റോഡ്, ഒല്ലൂർ (പി.ഒ), തൃശ്ശൂർ. |
| ശ്രീ. എ.ജയകൃഷ്ണൻ<br><br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ALPS, കൊങ്ങംപാറ | ചെട്ടിയാർകുളം ഒഴലപ്പതി പി.ഒ പാലക്കാട് പിൻ കോഡ്- 678557 |
| ശ്രീമതി. ശാന്തി കമ്മത്ത്, കൃഷി ഓഫീസർ | കൃഷി ഓഫീസർ കുത്തനൂർ ഗ്രാമ പഞ്ചായത്ത് | ശ്രീമതി. ശാന്തി കമ്മത്ത്, W/o മോഹനരാജൻ, ഈശാവാസ്യം, ജവഹർ നഗർ, കുരുടിക്കാട്, പുതുശ്ശേരി, പാലക്കാട് |

# 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി.14/386/10/ 4.11.11 | ഓഡിറ്റ് റിപ്പോർട്ട് |
| 1996-97 | എൽ.എഫ്.പി.7/59/02/19.3.2002 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി.7/76/02/19.3.2002. | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.പി.14/997/06/10.10.06 | സർചാർജ്ജ് നടപടികൾ |
| 1999-00 | എൽ.എഫ്.പി.14/645/07/9.1.2008 | സർചാർജ്ജ് നടപടികൾ |
| 2000-01 | എൽ.എഫ്.പി.14/1516/08/19.3.09 | ഫർദർറിമാർക്സ് |
| 2001-02 | എൽ.എഫ്.പി.14/1552/07/ 10.06.08 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി.14/468/09/8.1.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി.14/469/06/3.2.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.പി.14/470/09/5.3.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.പി.14/1994/12/3.4.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.പി.14/335/10/25.1.11 | ഓഡിറ്റ് റിപ്പോർട്ട് |
| | | |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.പി.14/2019/12/3.4.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.14/1732/12/10.9.12 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10,<br>2010-11 | എൽ.എഫ്.പി.14/1486/13/19.3.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി.14/1965/14/7.5.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | നം.കെ.എസ്.എ.പി.കെ.ഡി14-1622/2015/15-2-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി.14/1448/16/ 10.08.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.14/ /16/ | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.14/1898/2017 തിയതി- 08-11-2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.14/810/19 തിയതി. 24-07-2019 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പി.കെ.ഡി-21/997/2019(68)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തെിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

<u>അപാകതകളുടെ സംഗ്രഹം</u>

1) സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തിട്ടുള്ള തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. എ എഫ് എസിലെ തുകകളും സഞ്ചയയിലെ തുകകളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2) സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

3) സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(68)

Kerala State Audit Department,
District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## CERTIFICATE

Certified that 1 have examined the Annual Financial Statement of Pudussery Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of Pudussery Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstracts of defects / Discrepancies

1. Property tax in AFS is not in agreement with the figures shown in Sanchaya Software. There is no records to substantiate the book adjustments made in Sanchaya software, hence the authenticity could not be verified. The demand collection balance with respect to current and arrear accounts differs in Sankya and Sanchaya.

2. Stock register is not maintained as value based.

3. The data entry pertaining to asset Register not linked to Sankya, hence the correctness of the value of assets as per balance sheet could not be asscertained.

Deputy Director

# അനുബന്ധം-2 വിവിധ പത്രികകളുടെ സംക്ഷിപ്തം

**RECEIPT & PAYMENT STATEMENT**

| | | | |
|---|---|---|---|
| **Pudusserri Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 56167349.00 |
| Cash | Cash | RP-40(a) | 259062.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 15937027.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2700.00 |
| 140000000 | Fees & User Charges | RP-4 | 2891874.00 |
| 150000000 | Sale & Hire Charges | RP-5 | 726084.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 114141773.00 |
| 171000000 | Interest Earned | RP-9 | 2164169.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22013386.00 |
| 350000000 | Other Liabilities | RP-36 | 1411074.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 3128367.00 |
| 180000000 | Other Income | RP-10 | 13132.00 |
| 330000000 | Secured Loans | RP-32 | 46636117.00 |
| 340000000 | Deposits Received | RP-34 | 725105.00 |
| 350000000 | Other Liabilities | RP-36 | 1247364.00 |
| 420000000 | Investments | RP-41 | 22500000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 43237406.00 |
| 460000000 | Loans, Advances and Deposits | RP-47 | 915304.00 |
| | **Grand total** | | **334117293.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 6288566.00 |
| 220000000 | Administrative Expenses | RP-12 | 4626470.00 |
| 230000000 | Operations & Maintenance | RP-13 | 6525523.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 17543625.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 48981792.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5092935.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3651700.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 903287.00 |
| 255000000 | Maintenance Projects | RP-20 | 11585646.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 26885.00 |
| 280000000 | Prior Period item | RP-26 | -38112.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12011665.00 |
| 350000000 | Other Liabilities | RP-36 | 9994633.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 7489.00 |
| 280000000 | Prior Period Item | RP-26 | -5970.00 |
| 340000000 | Deposits Received | RP-34 | 176761.00 |
| 350000000 | Other Liabilities | RP-36 | 5053280.00 |
| 410000000 | Fixed Assets | RP-38 | 20283372.00 |
| 412000000 | Capital work in Progress | RP-40 | 8193538.00 |
| 420000000 | Investments | RP-41 | 50000000.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | RP-45 | 45130000.00 |
| 460000000 | Loans, Advances and Deposits | RP-47 | 7533602.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 70274419.00 |
| Cash | Cash | RP-40(b) | 276187.00 |
| | **Grand Total** | | **334117293.00** |

**INCOME AND EXPENDITURE**

| **Pudusserri Grama Panchayat**<br><br>**INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 37951947.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 68292.00 |
| 140000000 | Fee & User Charges | I-4(b) | 4717393.00 |
| 150000000 | Sale & Hire Charges | I-5(b) | 726084.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 267512818.00 |
| 170000000 | Income from Investments | I-7 | 3128367.00 |
| 171000000 | Interest Earned | I-8 | 2164169.00 |
| 180000000 | Other Income | I-9 | 295411.00 |
| | **Total Income** | | **316564481.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 17238784.00 |
| 220000000 | Administrative Expenses | I-11(b) | 4626470.00 |
| 230000000 | Operations & Maintenance | I-12(b) | 10002989.00 |
| 240000000 | Interest & Finance Charges | I-13 | 7489.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 19046408.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 99122544.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3668818.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3651700.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 88489987.00 |
| 255000000 | Maintenance Projects | I-14(e) | 11585646.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 26885.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000000.00 |
| 272000000 | Depreciation | I-17(a) | 10837023.00 |
| | **Total Expenditure** | | **278304743.00** |
| | **Gross Surplus/ Deficit of income over Expenditure** | | **38259738.00** |
| 280000000 | Prior Period Item | I-18 | 1892891.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **36366847.00** |
| | | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**BALANCE SHEET**

| **Pudusserri Grama Panchayat**<br><br>**BALANCE SHEET** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule | Amount |

| | | No | |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 229898559.65 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 73309500.00 |
| | **Total Reserve & Surplus** | | **303208059.65** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12047080.00 |
| | **Total Grants, Contributions for Specific Purposes** | | **12047080.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 46636117.00 |
| | **Total Loans** | | **46636117.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1193984.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3231776.05 |
| | **Total Current Liabilities and Provisions** | | **4425760.05** |
| | **TOTAL LIABILITIES** | | **366317016.70** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 165984574.00 |
| 411000000 | Accumulated Depreciation | B-11 | -10837023.00 |
| 412000000 | Capital Work in Progress | B-11(a) | 5695718.00 |
| | **Total Fixed Assets** | | **160843269.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 70000000.00 |
| | **Total Investments** | | **70000000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12508375.70 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 45130000.00 |
| 450000000 | Cash and Bank Balance | B-17 | 70550606.00 |
| 460000000 | Loans, Advances and Deposits | B-18 | 7284766.00 |
| | **Total Current Assets, Loans and Advances** | | **135473747.70** |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **366317016.70** |